# സലഫുകളുടെ വാക്കും അടിക്കുറിപ്പും

ഭാഗം : 1

തയ്യാറാക്കിയത്
അനസ് നദീരി



# ആമുഖം

الحمد لله رب العالمين، والصلاة والسلام على سيد المرسلين وإمام المتقين، وعلى من تبعهم بإحسان إلى يوم الدين،

أما بعد،

കുറഞ്ഞ വാചകങ്ങളിൽ കൂടുതൽ ആശയങ്ങളടങ്ങിയതാണ് സലഫുകളുടെ വാക്കുകൾ. അതിലടങ്ങിയ ആശയങ്ങൾ ഗ്രഹിക്കുകയും അതനുസ്സരിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് നമുക്കത് പൂർണമായി പ്രയോജനപ്പെടുന്നത്.

യഹ്യ ബ്നു മുആദ് -റഹിമഹുല്ലാഹ്- പറയുന്നു :

الكلام الحسن حسن ،وأحسن من الكلام معناه ،وأحسن من معناه استعماله...

❝ നല്ല വാക്കുകൾ നല്ലതാണ്. അതിനേക്കാൾ നല്ലതാണ് അതിന്റെ ആശയം, അതിനേക്കാളും നല്ലതാണ് അത് പ്രവർത്തിപഥത്തിൽ കൊണ്ടുവരിക എന്നത്. ❞

(تاريخ بغداد ٣٠٦/١٦)

അല്ലാഹു നമ്മുക്കും സച്ചരിതരായ സലഫുകളുടെ കൂടെ സ്വർഗത്തിൽ പ്രവേശിക്കാൻ തൗഫീഖ് ചെയ്യട്ടെ.

## 1
## മനപ്പാഠമാക്കേണ്ട പ്രാർത്ഥന

❒ ഉമർ -റളിയല്ലാഹു അൻഹു- പ്രാർത്ഥിക്കാറുണ്ടായിരുന്നു:

اللَّهُمَّ اجعل عملي كله صالحاً ،واجعله لوجهك خالصاً ،ولا تجعل لأحدٍ فيه شيئاً

(അല്ലാഹുമ്മ ജ്അൽ അമലീ കുല്ലഹു സ്വാലിഹ, വജ്അൽഹു ലിവജ്ഹിക്ക ഖാലിസ്വാ, വലാ തജ്അൽ ലിഅഹദിൻ ഫീഹി ശൈഅ്)

"അല്ലാഹുവേ എന്റെ പ്രവർത്തനങ്ങളെല്ലാം നീ സൽകർമങ്ങളും, നിന്റെ മുഖം -സ്വർഗത്തിൽ കാണുന്നത് - മാത്രം പ്രതീക്ഷിച്ചു കൊണ്ടുള്ളതും ആക്കേണമേ., അതിലൊന്നും തന്നെ നിനക്കല്ലാതെ മറ്റൊരാൾക്കും വേണ്ടിയുള്ളതാക്കരുതേ.

❒ ശൈഖ് മുഹമ്മദ് അമാനൽ ജാമി -റഹിമഹുല്ലാഹ്- പറഞ്ഞു:

❝ നിർബന്ധമായും മനപ്പാഠമാക്കേണ്ട, വളരെ മഹത്തായ പ്രാർത്ഥനയാണിത്❞

شرح العقيدة التدمرية - الشريط رقم:32

# 2
# ബിദ്അത്തുകൾക്കെതിരെ ശക്തമായൊരു ആയുധം

❒ ഒരിക്കൽ സഈദു ബ്നുൽ മുസയ്യിബ് -റഹിമഹുല്ലാഹ്- ഒരാൾ ഫജ്റിന് ശേഷം രണ്ടിലധികം റകഅത്തുകൾ, സുജൂദും റുകൂഉമെല്ലാം ദീർഘിപ്പിച്ച് കൊണ്ട് നിസ്കരിക്കുന്നത് കണ്ടപ്പോൾ അയാളെ വിലക്കി.

അപ്പോളയാൾ ചോദിച്ചു: "അല്ലയോ അബൂ മുഹമ്മദ്, നിസ്കാരത്തിന്റെ പേരിൽ അല്ലാഹു എന്നെ ശിക്ഷിക്കുമോ!?" അദ്ദേഹം പറഞ്ഞു: "ഇല്ല, മറിച്ച് സുന്നത്തിന് എതിരായി എന്നതിന്റെ പേരിൽ അല്ലാഹു താങ്കളെ ശിക്ഷിക്കും."

السنن الكبرى للبيهقي ٢/٤٦٦

❒ ശൈഖ് അൽബാനി -റഹിമഹുല്ലാഹ്- പറയുന്നു:

❝ സഈദു ബ്നുൽ മുസയ്യിബ് -റഹിമഹുല്ലാഹ്- യുടെ വളരെ നല്ലൊരു മറുപടിയാണിത്.
നിസ്കാരമല്ലേ, ദിക്റല്ലേ എന്നെല്ലാം പറഞ്ഞ് പല ബിദ്അത്തുകളെയും നല്ലതായിക്കാണുകയും, അതിനെ എതിർക്കുന്ന സുന്നത്തിന്റെയാളുകളെ എതിർക്കുകയും, ഇവർ നിസ്കാരവും ദിക്റുകളുമൊക്കെ എതിർക്കുന്നവരാണെന്ന് ആരോപണമുന്നയിക്കുകയും ചെയ്യുന്ന ബിദ്അത്തുകാർക്ക് എതിരെയുള്ള ശക്തമായൊരു ആയുധമാണിത്. യഥാർത്ഥത്തിൽ നിസ്കാരവും ദിക്റുമെല്ലാം സുന്നത്തിനെതിരായി നിർവഹിക്കുന്നതിനെയാണ് അഹ് ലുസ്സുന്ന എതിർക്കുന്നത്.

إرواء الغليل ٢/٢٣٦

# 3
# സലഫുകളിൽ മാതൃകയുണ്ട്.

❒ ഉസ്മാൻ ഇബ്നു നവൈറ -റഹിമഹുല്ലാഹ്- പറയുന്നു:

دُعِي شهر بن حوشب إلى وليمة وأنا معه فدخلنا فأصبنا من طعامهم فلمَّا سمع شهر المزمار وضع أصبعيه في أذنيه وخرج.

❝ ഒരിക്കൽ ഞാനും ശഹ്റു ബ്നു ഹൗഷബും ഒരു വലീമയിലേക്ക് ക്ഷണിക്കപ്പെട്ടു. അങ്ങനെ ഞങ്ങളവിടെ ചെന്ന് ഭക്ഷണം കഴിച്ചു. അവിടെ നിന്ന് ഓടക്കുഴലിന്റെ ശബ്ദം കേട്ടപ്പോൾ ശഹ്റു ബ്നു ഹൗഷബ് -റഹിമഹുല്ലാഹ്- തന്റെ വിരലുകൾ ചെവിയിൽ വെച്ച് അവിടെ നിന്നും ഇറങ്ങിപ്പോയി. ❞

سير أعلام النبلاء : ٤ /٣٧٣

❒ അടിക്കുറിപ്പ്-

"സദസ്സിലൊരു തിന്മ കാണുകയും, അത് തിരുത്താൻ സാധിക്കാതെ വരികയും ചെയ്താൽ, മനസ്സുകൊണ്ട് ആ തിന്മയെ വെറുത്ത് അവിടെ നിന്നും ഇറങ്ങിപ്പോരുകയാണ് ചെയ്യേണ്ടത് എന്ന കാര്യത്തിലും സലഫുകളുടെ ജീവിതത്തിൽ മാതൃകയുണ്ട്. "

# 4
# രോഗങ്ങൾ ഉണർത്തലുകളാണ്

❒ മുഹമ്മദ് ബ്നു സല്ലാം -റഹിമഹുല്ലാഹ്- പറഞ്ഞു:

❝ രോഗം കൊണ്ട് ഉണർത്തപ്പെടുന്നത് വരെ മനുഷ്യർ അശ്രദ്ധയിലായിരിക്കും ❞

تاريخ بغداد : ٢٧٦/٣

❒ ഇബ്നുൽ ഖയ്യിം -റഹിമഹുല്ലാഹ്- പറഞ്ഞു:

❝ ദുനിയാവിലെ പരീക്ഷണങ്ങളും വിപത്തുകളുമില്ലായിരുന്നെങ്കിൽ, മനുഷ്യന്റെ ഇരുലോക നാശത്തിനും ഹേതുവാകുന്ന, അഹന്ത, സ്വയം പെരുമനടിക്കൽ, പൊങ്ങച്ചം, ഹൃദയ കാഠിന്യം തുടങ്ങിയ അസുഖങ്ങൾ അവനെ ബാധിക്കും. അതു കൊണ്ട് തന്നെ, ഏറ്റവും വലിയ കാരുണ്യവാനായ അല്ലാഹുവിന്റെ കാരുണ്യത്തിൻറെ ഭാഗമാണ്, വ്യത്യസ്തയിനം പരീക്ഷണങ്ങൾ നൽകി, പലപ്പോഴും അവനെ നഷ്ടപ്പെടാതെ നോക്കുകയെന്നത്. അത്തരം പരീക്ഷണങ്ങൾ, മേൽപ്പറഞ്ഞ രോഗങ്ങളിൽ നിന്നവന് സംരക്ഷണം നൽകുകയും, അല്ലാഹുവിനുള്ള അവന്റെ അടിമത്ത്വത്തെ ശരിയായ രൂപത്തിൽ സംരക്ഷിക്കുകയും, മോശപ്പെട്ട, തരം താഴ്ന്ന, നാശകാരികളായ മറ്റു കാര്യങ്ങളിൽ നിന്നും അവന് സംരക്ഷണമാവുകയും ചെയ്യുന്നു. ഇപ്രകാരം, പരീക്ഷണങ്ങളിലൂടെ കരുണ ചെയ്യുകയും, അനുഗ്രഹങ്ങളിലൂടെ പരീക്ഷിക്കുകയും ചെയ്യുന്നവനായ അല്ലാഹു എത്ര പരിശുദ്ധനാണ്!! ❞

زاد المعاد ١٧٣/٤

# 5
# ഖുർആൻ പാരായണക്കാർ

❒ അബ്ദുൽ മലിക് ഇബ്നു ഉമൈർ -റഹിമഹുല്ലാഹ്- പറഞ്ഞു:

كَانَ يُقَالُ' :إِنَّ أَبْقَى النَّاسِ عُقُولاً قَرَأَةُ الْقُرْآنِ'

"ജനങ്ങളിൽ ഏറ്റവും കൂടുതൽ കാലം ബുദ്ധി നിലനിൽക്കുന്നവർ ഖുർആൻ ഓതുന്നയാളുകളാണ്" എന്ന് പറയാറുണ്ട്.

المصنف لابن أبي شيبة : ٣٠٥٧٧

❒ ശൈഖ് അബ്ദുറസാഖ് അൽ ബദ്ർ -ഹഫിളഹുല്ലാഹ്- പറയുന്നു:

❝ അതായത്, അല്ലാഹു അവർക്ക് ദീർഘായുസ്സ് നൽകിയാലും, വാർദ്ധക്യ കാലത്ത് സാധാരണ ആളുകളെ ബാധിക്കുന്ന പ്രായാധിക്യത്താൽ ബുദ്ധിക്കുണ്ടാകുന്ന തകരാറ് അവർക്കുണ്ടാകുകയില്ല.

ഇമാം ശഅബി -റഹിമഹുല്ലാഹ്- പറഞ്ഞു:

"ഖുർആൻ പാരായണം ചെയ്യുന്നവരെ പ്രായാധിക്യത്താൽ ബുദ്ധിക്കുണ്ടാക്കുന്ന തകരാറ് ബാധിക്കുകയില്ല."

അതുകൊണ്ട്, അല്ലാഹു ഖുർആൻ പാരായണക്കാരനാക്കി ആദരിച്ചവർക്ക് മംഗളങ്ങൾ! ❞

الموقع الرسمي لفضيلة الشيخ عبد الرزاق البدر حفظه الله

# 6
# ഒരു പണിയുമില്ലാത്ത അവസ്ഥ

❒ ഇബ്നു മസ്ഊദ് -റളിയല്ലാഹു അൻഹു- പറഞ്ഞു:

"إِنِّي لأَمْقُتُ أَنْ أَرَى الرَّجُلَ فَارِغًا لا فِي عَمِلِ دُنْيَا ،وَلا آخِرَةٍ"

❝ ദുനിയാവിന്റെയോ അല്ലെങ്കിൽ ആഖിറത്തിന്റെയോ ഒരു പണിയുമില്ലാതെ വെറുതെയിരിക്കുന്നവനായി ഒരാളെ കാണുന്നത് എനിക്ക് ദേഷ്യമുള്ള കാര്യമാണ്. ❞

المعجم الكبير للطبراني : ٨٤٦١

❒ ശൈഖ് അബ്ദുറസാഖ് അൽ ബദർ -ഹഫിളഹുല്ലാഹ്- പറയുന്നു:

❝ ...ഒരു പണിയും ചെയ്യാതെ വെറുതെയിരിക്കലും, മടിയും അലസതയുമാണ് ആരെങ്കിലും കൂടുതൽ ഇഷ്ടപ്പെടുന്നതെങ്കിൽ അവൻ സ്വന്തത്തിന് തന്നെ വളരെ വലിയ ഉപദ്രവമാണ് ചെയ്യുന്നത്. അതു മൂലം അവന്റെ ദുനിയാവും ആഖിറവും നഷ്ടപ്പെടും. ❞

الموقع الرسمي للشيخ عبد الرزاق بن عبد المحسن البدر حفظه الله

# 7
# ഗുണപാഠം

❒ അലിയ്യുബ്നുൽ ഹസ്സൻ -റഹിമഹുല്ലാഹ്- പറയുന്നു:

كان رجل بالمصيصة ذاهب النصف الأسفل ،لم يبق منه إلا روحه في بعض جسده ضرير على سرير ملقى ،مثقوب له للبول فدخل عليه داخل فقال' :كيف أصبحت يا أبا محمد؟ 'قال' :ملك الدنيا منقطع إلى الله تبارك وتعالى ما لي إليه من حاجة إلا أن يتوفاني على الإسلام

❝ അരക്ക് താഴേക്ക് ശരീരം നഷ്ടപ്പെട്ട ഒരാളുണ്ടായിരുന്നു 'മിസ്സ്വീസ' യിൽ. അവശേഷിക്കുന്ന അൽപ്പം ശരീരത്തിൽ ആത്മാവുമായി കട്ടിലിൽ കിടപ്പിലായ അന്ധനായ മനുഷ്യൻ!. (അദ്ദേഹത്തിന്റെ ശരീരത്തിൽ) മൂത്രമൊഴിക്കാനായി ദ്വാരമുണ്ടാക്കിയിട്ടുണ്ട്.
അയാളുടെ അടുക്കൽ ചെന്നൊരാൾ എന്താണ് നിങ്ങളുടെ അവസ്ഥയെന്ന് തിരക്കിയപ്പോൾ, അദ്ദേഹം പറഞ്ഞു: ദുൻയാവിലെ രാജാവിനെ പോലെയാണ് എന്റെ അവസ്ഥ. അല്ലാഹുവിനായി (മറ്റെല്ലാ തിരക്കുകളിൽ നിന്നും) ഒഴിഞ്ഞിരിക്കുകയാണ് ഞാൻ. മുസ്ലിമായി മരിപ്പിക്കണം എന്നതല്ലാതെ അവന്റെയടുക്കൽ വേറെ ഒരാവശ്യവും എനിക്കുന്നയിക്കാനില്ല.!! ❞

الصبر والثواب عليه لابن أبي الدنيا : ١٢٩

❒ ശൈഖ് അബ്ദുറസാഖ് അൽ ബദർ -ഹഫിളഹുല്ലാഹ്- പറയുന്നു:

❝ ഒരു യുവാവ്, തലമാത്രം ചലിപ്പിക്കാൻ കഴിയുന്ന അവസ്ഥയിൽ 17 വർഷത്തിലധികം കഴിച്ചു കൂട്ടി. ഞാനദ്ദേഹത്തിന്റെ വീട്ടിൽ ചെന്ന്

അദ്ദേഹത്തെ സന്ദർശിച്ചു. ഞാനദ്ദേഹത്തോട് ചോദിച്ചു: 'എന്താണ് നിങ്ങളുടെ അവസ്ഥ?'
അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണേ സത്യം, അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ ആർമാദിക്കുകയാണ് ഞാൻ!!'.

അദേഹത്തിന്റെ ശരീരത്തിന് ചലനമില്ല!. ഇത്ര തന്നെയില്ലെങ്കിലും ഈയൊരു ബോധമോ, ഇതു പോലെത്തെ ചിന്തയോ ഇല്ലാത്ത എത്രയെത്ര ആരോഗ്യമുള്ള ശരീരമുള്ള ആളുകളുണ്ട്!.

ആ അൽജീരിയക്കാരൻ മരണപ്പെട്ടു. അല്ലാഹു അദ്ദേഹത്തിന് റഹ്മത്ത് ചെയ്യട്ടെ. അദ്ദേഹത്തിന്റെ പാപങ്ങൾ പൊറുത്തു കൊടുക്കട്ടെ. ഉന്നതമായ ഫിർദൗസിൽ അദ്ദേഹത്തെ താമസിപ്പിക്കട്ടെ". ❞

الموقع الرسمي للشيخ عبد الرزاق بن عبد المحسن البدر حفظه الله

# 8
# പരീക്ഷണങ്ങളുടെ കാലത്തെ തിന്മ

❒ നുഅ്മാൻ ഇബ്നു ബഷീർ -റളിയല്ലാഹു അൻഹു- പറഞ്ഞു:

إِنَّ الْهَلَكَةَ كُلَّ الْهَلَكَةِ أَنْ تَعْمَلَ السَيئات فِي زَمَانِ الْبَلَاءِ

❝ പരീക്ഷണങ്ങളുടെ കാലത്ത് തിന്മകൾ ചെയ്യലാണ് സർവ്വനാശം!! ❞

العقوبات لابن أبي الدنيا : ٣٢٧

❒ ശൈഖ് അബ്ദുറസാഖ് അൽ ബദ്ർ-ഹഫിളഹുല്ലാഹ്- പറയുന്നു:

❝ പരീക്ഷണങ്ങൾ അടിമക്ക് അവന്റെ തെറ്റുകളെ കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകളാണ്. അതുമുഖേന തൗബ ചെയ്ത് അല്ലാഹുവിലേക്ക് മടങ്ങാനും തെറ്റുകൾ ഉപേക്ഷിക്കാനും ചിലപ്പോഴത് കാരണമാകും.

അതുപോലെതന്നെ, പരീക്ഷണങ്ങൾ ഹൃദയത്തിൻറെ കാഠിന്യമില്ലാതാക്കുകയും, അതിനെ ലോലമാക്കുകയും ചെയ്യും. അടിമ തന്റെ ഹൃദയം കൊണ്ട് അല്ലാഹുവിലേക്ക് മടങ്ങുകയും, അല്ലാഹുവിന്ന് വിനയവും വിധേയത്ത്വവുമുള്ളവനാവുകയും ചെയ്യും..... ശക്തമായ അശ്രദ്ധയുള്ളവന് മാത്രമേ പരീക്ഷണങ്ങളുടെ സമയത്ത് പോലും ഈയൊരവസ്ഥ ഉണ്ടാവാതിരിക്കുകയുള്ളൂ. ❞

الموقع الرسمي لفضيلة الشيخ عبد الرزاق البدر حفظه الله

# 9
# നന്മകൾ ദാനം ചെയ്യുന്നവർ!!

❒ ഇബ്നുൽ മുബാറക് -റഹിമഹുല്ലാഹ്- പറഞ്ഞു:

لو كنت مغتابًا أحدًا لاغتبت والديّ لأنّهما أحق بحسناتي

❝ ഞാൻ ആരെയെങ്കിലും ഗീബത്ത് പറയുമായിരുന്നെങ്കിൽ എൻറെ മാതാപിതാക്കളെ പറയുമായിരുന്നു. കാരണം എന്റെ നന്മകൾ ലഭിക്കാൻ ഏറ്റവും കൂടുതൽ അർഹതയുള്ളത് അവർക്കാണ്. ❞

شرح صحيح البخاري لابن بطال : ٩/٢٤٥

❒ അടിക്കുറിപ്പ്:

❝ ദീനാറും ദിർഹമും ഉപകാരപ്പെടാത്ത പരലോകത്ത് നമുക്ക് ആശ്വാസമാകുന്നത് സൽകർമങ്ങളാണ്. നമ്മുടെ പ്രവർത്തികളും വാക്കുകളും മുറിവേൽപ്പിച്ചവർക്ക് പ്രായശ്ചിത്തമായി നൽകപ്പെടുന്നത് ആ സൽകർമങ്ങളുടെ പ്രതിഫലങ്ങളായിരിക്കും!!! ❞

ഹസനുൽ ബസ്വരി -റഹിമഹുല്ലാഹ്- യോട് ഒരാൾ പറഞ്ഞു: 'ഇന്നയാൾ നിങ്ങളെ കുറിച്ച് ഗീബത്ത് പറഞ്ഞിട്ടുണ്ട്'. ഇത് കേട്ടയുടനെ അദ്ദേഹം ഒരു പാത്രം ഈത്തപ്പഴം അയാൾക്ക് കൊടുത്തയച്ചു കൊണ്ട് ഇപ്രകാരം പറഞ്ഞു: 'താങ്കൾ താങ്കളുടെ കുറച്ച് നന്മകൾ എനിക്ക് സമ്മാനമായി തന്നു, അതിന് പ്രത്യുപകാരം എന്ന നിലക്കാണ് ഞാൻ ഈ ഈത്തപ്പഴം കൊടുത്തയക്കുന്നത്'!

فيض القدير للمناوي : ١٦٦/٣

# 10
# വലിയ തെറ്റുകാരൻ

❒ അബ്ദുല്ലാഹ് ഇബ്നു മസ്ഊദ് -റളിയല്ലാഹു അൻഹു- പറഞ്ഞു:

'مَا يَزَالُ الْمَسْرُوقُ مِنْهُ يَتَظَنَّى حَتَّى يَصِيرَ أَعْظَمَ مِنَ السَّارِقِ'

❝ മോഷ്ടിക്കപ്പെട്ടയാൾ ഊഹിച്ച് ഊഹിച്ച് അവസാനം മോഷ്ടാവിനേക്കാൾ വലിയ തെറ്റുകാരൻ ആയിത്തീരും. ❞

الأدب المفرد للبخاري : ٢٨٩

❒ ശൈഖ് അബ്ദു റസ്സാഖ് അൽബദ്ർ -ഹഫിളഹുല്ലാഹ്- പറയുന്നു:

❝..... അതായത്, ഒരാളുടെ അടുക്കൽ നിന്ന് വല്ലതും മോഷ്ടിക്കപ്പെട്ടാൽ അയാൾ ഊഹിക്കാൻ തുടങ്ങും. "ഇന്നയാളായിരിക്കും, അല്ല ഇന്നവനായിരിക്കും, ശരിയാണ് ഇന്നയാളെ ഞാൻ ആ സ്ഥലത്ത് കണ്ടിരുന്നു."

അങ്ങനെ, അയാളിൽ നിന്ന് ആരോപണം ഉന്നയിക്കൽ, ഗീബത്ത്, നമീമത്ത്, മറ്റുള്ളവരെ അന്യായമായി കുറ്റം പറയൽ, തുടങ്ങി മറ്റു ഗൗരവമേറിയ പല തിന്മകളും സംഭവിക്കും. അങ്ങനെ അയാൾ മോഷ്ടാവിനേക്കാളും വലിയ തെറ്റുകാരനായി തീരും.

ഇതുപോലെ തന്നെയാണ് എല്ലാ തിന്മകളുടെ കാര്യത്തിലും. ഉദാഹരണമായി, ഒരാൾക്ക് ശരീരത്തിലോ അല്ലെങ്കിൽ അയാളുടെ മറ്റെന്തെങ്കിലും വസ്തുക്കളിലോ കണ്ണേറ് കാരണം പ്രയാസമുണ്ടായാൽ, അയാൾ സംശയിക്കാനും ഊഹിക്കാനും തുടങ്ങും. "ഇന്നവനായിരിക്കും, അല്ല ഇന്നവനായിരിക്കും, ഇന്നയാളെ കുറിച്ച് ഇന്നതൊക്കെ എനിക്കറിയാം...."

വ്യക്തമായ തെളിവില്ലാത്ത ആരോപണങ്ങളും ജൽപനങ്ങളുമായി മറ്റുള്ളവരെക്കുറിച്ച് അയാൾ അനാവശ്യമായ സംസാരം നടത്തും. ഗീബത്തായും, നമീമത്തായും, ഉപദ്രവിച്ചും, അക്രമിച്ചും അവരുടെ അഭിമാനത്തെ കുറിച്ച് വേണ്ടാത്തത് പറഞ്ഞും, അങ്ങനെ അവന്റെ തെറ്റ്, അവനോട് അസൂയ വെച്ച അല്ലെങ്കിൽ കണ്ണേറേൽപ്പിച്ചയാൾ ചെയ്ത തെറ്റിനേക്കാൾ ഗൗരവമേറിയതാകും. ❞

الموقع الرسمي للشيخ عبد الرزاق البدر حفظه الله

# 11
## മരിക്കാത്ത തിന്മകൾ

❒ ഇമാം ശാത്വിബി -റഹിമഹുല്ലാഹ്- പറഞ്ഞു:

"طُوبَى لِمَنْ مَاتَ وَمَاتَتْ مَعَهُ ذُنُوبُهُ ،وَالْوَيْلُ الطَّوِيلُ لِمَنْ يَمُوتُ وَتَبْقَى ذُنُوبُهُ مِائَةَ سَنَةٍ وَمِائَتَيْ سَنَةٍ ،يُعَذَّبُ بِهَا فِي قَبْرِهِ ،وَيُسْأَلُ عَنْهَا إِلَى انْقِرَاضِهَا

❝ മരിക്കുമ്പോൾ തന്റെ തിന്മകളും കൂടെ മരിച്ചു തീരുന്നവന് മംഗളം.

മരിച്ച ശേഷവും നൂറും ഇരുന്നൂറും വർഷങ്ങൾ തന്റെ തിന്മകൾ അവശേഷിക്കുകയും, അവ നശിച്ച് തീരുവോളം ഖബ്റിൽ അതിന്റെ പേരിൽ ചോദ്യം ചെയ്യപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുന്നവന് ഒരു പാട് കാലം നീണ്ട് നിൽക്കുന്ന നാശം!! ❞

الموافقات : ١\٣٦١

❒ അടിക്കുറിപ്പ്:

സഹോദരാ, സോഷ്യൽ മീഡിയകളിലൂടെ നിമിഷ നേരം കൊണ്ട് നൂറുകണക്കിന് ആളുകളിലേക്ക് നാം ഷെയർ ചെയ്യുന്ന മെസേജുകൾ,

• അല്ലാഹുവിന്റെയും അവന്റെ റസൂലിൻറെയും പേരിൽ കള്ളം പറയുന്നവയാണോ?

• മതവിരുദ്ധ ചിന്താഗതികളിലേക്ക് വ്യംഗ്യമായെങ്കിലും ക്ഷണിക്കുന്നവയാണോ?

• സ്ത്രീകളുടെ സൗന്ദര്യം പ്രദർശിപ്പിക്കുന്നവയാണോ?

• പിശാചിന്റെ കുഴലൂത്തായ മ്യൂസികിന്റെ അകമ്പടിയോടെയുള്ളതാണോ?

• മറ്റുള്ളവരുടെ അഭിമാനത്തിന് മുറിവേൽപ്പിക്കുന്നവയാണോ?

• ഏതെങ്കിലും തരത്തിൽ അല്ലാഹുവിന്റെ കോപത്തിന് കാരണമാകുന്നതാണോ?

എങ്കിൽ......

മരിച്ച് മണ്ണോട് ചേർന്നാലും, ആ മെസേജുകൾ ഗ്രൂപ്പിൽ നിന്ന് ഗ്രൂപ്പിലേക്കും, വ്യക്തികളിലേക്കും ഷെയർ ചെയ്യപ്പെടുമ്പോഴെല്ലാം, നമ്മുടെ തിന്മയുടെ ഏടിൽ അത് എഴുതപ്പെടും.

ആരൊക്കെ അതുമൂലം കുഴപ്പത്തിലാകുകയും, തിന്മകളിലകപ്പെടുകയും ചെയ്യുന്നുണ്ടോ അതിന്റെയെല്ലാം പാപഭാരം നമ്മൾ പേറേണ്ടി വരികയും ചെയ്യും.

എത്രമാത്രം അപകടകരമായ അവസ്ഥയാണിത്!!

സോഷ്യൽ മീഡിയകളിലെ നമ്മുടെ ഓരോ ഇടപെടലുകളിലും പ്രത്യേകം ശ്രദ്ധയും കരുതലും ആവശ്യമാണ്.

# 12
## ഗൗരവമുള്ള കാര്യം

❒ ഇമാം അഹ്മദ് ബ്നു ഹമ്പൽ -റഹിമഹുല്ലാഹ്- പറഞ്ഞു:

"إخراج الناس من السنة شديد"

അഹ്ലുസ്സുന്നയിൽ നിന്ന് (സലഫിയ്യത്തിൽ നിന്ന്) ആളുകളെ പുറത്താക്കുക എന്നത് ഗൗരവമുള്ള കാര്യമാണ്

رواه عنه أبو بكر بن الخلال في السنة رقم : ٥١٣

❒ അടിക്കുറിപ്പ്:

❝ ഇസ്ലാമിൽ നിന്ന് തന്നെ പുറത്താക്കുക എന്നത് അതിനേക്കാൾ ഗൗരവമേറിയ കാര്യമാണ്.

സലഫിയ്യത്തിൽ നിന്നും, ഇസ്ലാമിൽ നിന്നും പുറത്താക്കാനല്ല, അതിലേക്ക് ആളുകളെ ക്ഷണിക്കാനും, കൊണ്ടുവരാനുമാണ് നാം കൂടുതൽ ഉത്സാഹവും തിടുക്കവും കാണിക്കേണ്ടത്.

മറ്റേത് വിഷയത്തിലേയും പോലെ മധ്യമനിലപാടാണ് ഇക്കാര്യത്തിലും സലഫീ നിലപാട്. സലഫിയ്യത്തിന്റെ മുഖം മൂടിയണിഞ്ഞ കള്ളനാണയങ്ങളെ ചൂണ്ടിക്കാണിക്കുക എന്നത് ദീനിന്റെ ഭാഗം തന്നെയാണ്. പക്ഷേ കരുതലോടെയും അതിന്റേതായ വ്യവസ്ഥകൾ പാലിച്ചും ഇടപെടേണ്ട മേഖലയാണ്. ഇന്നയാൾ സലഫിയല്ല എന്നു പറഞ്ഞാൽ അയാൾ ബിദ്അത്തിന്റെ ആളാണെന്നാണർത്ഥം. അതു കൊണ്ട് തന്നെ വ്യക്തികളുടെ കാര്യത്തിൽ വിധി പറയുമ്പോൾ അവധാനത കാണിക്കുകയും, പണ്ഡിതന്മാരിലേക്ക് മടക്കുകയുമാണ് വേണ്ടത്. ❞

# 13
# ഇസ്ലാമിൽ വളരെ ഗൗരവമുള്ള കാര്യം സംഭവിച്ചിരിക്കുന്നു...!

❒ ഇമാം മാലിക്ക് -റഹിമഹുല്ലാഹ്- പറയുന്നു:

أخبرني رجل" :أنه دخل على ربيعة بن عبد الرحمن ،فوجده يبكي ،فقال له :ما يبكيك؟ وارتاع لبكائه ،فقال له :أمصيبة دخلت عليك؟ فقال :لا ،ولكن استفتي من لا علم له وظهر في الإسلام أمر عظيم

قال ربيعة :ولبعض من يفتي ها هنا أحق بالسجن من السراق

❝ ഒരിക്കൽ ഒരാൾ (ഇമാം മാലിക്കിന്റെ ശൈഖായ) റബീഅ -റഹിമഹുല്ലാഹ്- യുടെ അടുക്കൽ പ്രവേശിച്ചപ്പോൾ അദ്ദേഹം കരയുന്നത് കണ്ടു.

അയാൾ ചോദിച്ചു: എന്തിനാണ് താങ്കൾ കരയുന്നത്?
അദ്ദേഹത്തിന്റെ കരച്ചിൽ കണ്ട് പേടി തോന്നിയപ്പോൾ അയാൾ വീണ്ടും ചോദിച്ചു: താങ്കൾക്ക് വല്ല വിപത്തും സംഭവിച്ചോ!?

അദ്ദേഹം പറഞ്ഞു: ഇല്ല, എനിക്കൊന്നും സംഭവിച്ചിട്ടില്ല. മറിച്ച്, അറിവില്ലാത്തവനോട് ഫത്വ ചോദിക്കപ്പെട്ടിരിക്കുന്നു! ഇസ്ലാമിൽ വളരെ ഗൗരവമുള്ള കാര്യം സംഭവിച്ചിരിക്കുന്നു!

അദ്ദേഹം തന്നെ പറഞ്ഞു: കള്ളന്മാരേക്കാൾ ജയിലിലിലടക്കപ്പെടാൻ അർഹർ ഇവിടെ ഫത്വ കൊടുക്കുന്ന ചിലരാണ്! ❞

جامع بيان العلم وفضله : ٢٠١/٢

❒ ഹിജ്റ ആറാം നൂറ്റാണ്ടിൽ ജീവിച്ച ഇബ്നുൽ ജൗസി -റഹിമഹുല്ലാഹ്- പറഞ്ഞു:

❝ താബിഈങ്ങൾ ധാരാളമുള്ള കാലത്താണ് റബീഅ -റഹിമഹുല്ലാഹ്- ഇത് പറയുന്നത്. അപ്പോൾ, അദ്ദേഹം നമ്മുടെ ഈ കാലത്തെ അവസ്ഥ കാണുകയാണെങ്കിൽ എങ്ങനെയായിരിക്കും പ്രതികരിക്കുക!! പണ്ഡിതന്മാരല്ലാത്തവർ മാത്രമേ മതവിധി പറയാൻ തിടുക്കം കാണിക്കുകയുള്ളൂ. ദീനിന്റെ കുറവുകൊണ്ടാണ് അവരങ്ങനെ ചെയ്യുന്നത്. ❞

تعظيم الفتيا. ص - ١١٣

❒ ഹിജ്റ ഏഴാം നൂറ്റാണ്ടിൽ ജീവിച്ച ഇബ്നുസ്സ്വലാഹ് -റഹിമഹുല്ലാഹ്- പറഞ്ഞു:

❝ നമ്മുടെ ഈ കാലത്തെ അവസ്ഥ അദ്ദേഹം കാണുകയാണെങ്കിൽ എങ്ങനെയായിരിക്കും അദ്ദേഹത്തിന്റെ പ്രതികരണം?! ❞

أدب المفتي والمستفتي ٨٤

❒ ശൈഖ് മുഹമ്മദ് ബ്നു ഹാദി -ഹഫിളഹുല്ലാഹ്- പറഞ്ഞു:

❝ കള്ളന്മാർ ദുനിയാവേ മോഷ്ടിച്ചു കൊണ്ടു പോവുകയുള്ളൂ. എന്നാൽ, ഇത്തരക്കാർ ആളുകളുടെ ദീനാണ് മോഷ്ടിക്കുന്നത്. അവരുടെ ദീനാണ് കുഴപ്പത്തിലാക്കുന്നത്. ❞

# 14
## 'ദേഷ്യം വരുമ്പോൾ....'

അബ്ദുല്ലാഹിബ്നു ഔൻ -റഹിമഹുല്ലാഹ്- ദേഷ്യപ്പെടാറില്ലായിരുന്നു. ആരെങ്കിലും അദ്ദേഹത്തെ ദേഷ്യം പിടിപ്പിച്ചാൽ അദ്ദേഹം പറയും:

❝ 'ബാറക്കല്ലാഹു ഫീക്ക്' (അല്ലാഹു നിങ്ങൾക്ക് ബറകത്ത് ചെയ്യട്ടെ). ❞

حلية الأولياء لأبي نعيم ٣٩\٣

❒ ശൈഖ് അബ്ദുറസ്സാഖ് അൽബദ്ർ -ഹഫിളഹുല്ലാഹ്- പറയുന്നു:

❝ ദേഷ്യം വരുമ്പോൾ നമ്മുടെ അവസ്ഥയും, സംസാരവുമായി ഇതൊന്ന് താരതമ്യം ചെയ്ത് നാം പാഠം ഉൾക്കൊണ്ടിരുന്നെങ്കിൽ.

തന്നെ ദേഷ്യം പിടിപ്പിച്ചവനു വേണ്ടി ഈ മഹത്തായ പ്രാർത്ഥന പ്രാർത്ഥിക്കുകയാണ് അദ്ദേഹം ചെയ്യുന്നതെങ്കിൽ, ദേഷ്യമില്ലാത്ത സന്തോഷാവസ്ഥയിൽ എന്തായിരിക്കും അദ്ദേഹം പറയുക!!.

ഇങ്ങനെ ദേഷ്യം വരുമ്പോൾ സ്വന്തത്തെ നിയന്ത്രിക്കാൻ കഴിയലാണ് യഥാർത്ഥ ശക്തിയും കഴിവും. ❞

الموقع الرسمي لفضيلة الشيخ عبد الرزاق البدر حفظه الله

## 15
## നീ പെരുമാറുന്നത് പോലെ നിന്നോടും പെരുമാറും

❒ യഹ്യ ബ്നു സഈദ് -റഹിമഹുല്ലാഹ്- പറയുന്നു:

**بلغنا أنَّه من أهان ذا شيبةٍ لم يمت حتى يبعثُ اللهُ عليه من يهينُ شيبه إذا شاب**

"വാർദ്ധക്യമെത്തിയവരെ ആരെങ്കിലും നിന്ദിച്ചാൽ അവന്റെ വാർദ്ധക്യത്തിൽ അവനെ നിന്ദിക്കുന്ന ഒരാളെ അല്ലാഹു നിയോഗിച്ചിട്ടല്ലാതെ അവൻ മരിക്കുകയില്ല എന്ന് നമുക്ക് വിവരം കിട്ടിയിട്ടുണ്ട്"

العمر والشيب لابن أبي الدنيا ١٣٤٣

❒ ശൈഖ് അബ്ദുറസാഖ് അൽബദ്ർ -ഹഫിളഹുല്ലാഹ്- പറയുന്നു:

❝ പ്രായമുള്ളവരിൽ പലരും മതപരവും, സാമൂഹികവും, ആത്മീയവുമായ പ്രത്യേക പരിപാലനം ആവശ്യമുള്ളവരാണ്.
നീ മറ്റുള്ളവരോട് എങ്ങനെയാണോ പെരുമാറുന്നത്, അതുപോലെ അവർ നിന്നോടും പെരുമാറും.
അതു കൊണ്ട്, ആരാണോ പ്രായമായവരോടുള്ള ബാധ്യതകൾ മനസ്സിലാക്കുകയും, അവരോടുള്ള കടമകൾ നിറവേറ്റുകയും ചെയ്യുന്നത്, അവരുടെ വാർദ്ധക്യത്തിൽ അവരോടുള്ള കടമകളും ബാധ്യതകളും നിർവഹിക്കുന്നവരെ അല്ലാഹു ഏർപ്പാട് ചെയ്യും.

അതു പോലെ നേരെ തിരിച്ചും. ആരാണോ പ്രായമായവരോടുള്ള ബാധ്യതകൾ നിർവഹിക്കാതിരിക്കുകയും, അവരോടുള്ള കടമകളെ അവഗണിക്കുകയും, അവരോട് മോശമായി പെരുമാറുകയും ചെയ്യുന്നത്, അവരുടെ വാർദ്ധക്യത്തിൽ അവരോടും അങ്ങനെ പെരുമാറുന്നവരെ അല്ലാഹു നിശ്ചയിക്കും. ❞

الموقع الرسمي لفضيلة الشيخ عبد الرزاق البدر حفظه الله

# 16
# ഉമ്മയുടെ ആഗ്രഹം

❒ മുഹമ്മദ് ബ്നു സീരീൻ -റഹിമഹുല്ലാഹ്- പറയുന്നു:

❝ മദീനയിൽ ഈന്തപ്പനക്ക് ആയിരത്തോളം വിലയുണ്ടായിരുന്ന കാലം.

ഉസാമത്ത് ബ്നു സൈദ് -റളിയല്ലാഹു അൻഹു- ഈന്തപ്പനയുടെ പൊങ്ങ് എടുക്കാനായി ഒരു ഈന്തപ്പന മുഴുവനായി മുറിച്ചു!!. എന്തുകൊണ്ടാണ് അങ്ങനെ ചെയ്തതെന്ന് ആളുകൾ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:

എൻ്റെ ഉമ്മ ഈന്തപ്പന കരിമ്പ് വേണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. എൻ്റെ ഉമ്മ ഈ ദുനിയാവിൽ എനിക്ക് സാധിക്കുന്ന എന്താവശ്യപ്പെട്ടാലും ഞാനത് ചെയ്ത് കൊടുക്കും. ❞

مكارم الأخلاق لابن أبي الدنيا ص -٧٦

❒ അടിക്കുറിപ്പ്:

❝ സ്വർഗത്തിലേക്കുള്ള കരുതിവെപ്പിനുള്ള വലിയൊരു അവസരമാണ് നമ്മുടെ ഉമ്മമാർ.
എത്രയധികം ഉമ്മാക്ക് പുണ്യം ചെയ്താലും അത് വളരെ കുറഞ്ഞു പോയെന്ന് ഉമ്മയെ നഷ്ടപ്പെടുന്ന നിമിഷം കുറ്റബോധത്തോടെ നാം തിരിച്ചറിയും. അവർക്ക് ചെയ്ത് കൊടുത്തതൊന്നും, നമുക്ക് വേണ്ടി അവർ സഹിച്ചതിനും ത്യജിച്ചതിനും അടുത്തു പോലും എത്തിയിട്ടില്ല എന്ന് ബോധ്യപ്പെടും.
ഉമ്മാക്ക് നൽകുന്ന ചെറിയൊരു സന്തോഷത്തിലും, നിസ്സാരമായ സഹായങ്ങളിലും പോലും അല്ലാഹുവിൻ്റെ വലിയ പ്രതിഫലം പ്രതീക്ഷിക്കാം.
കാരണം, മാതാപിതാക്കളുടെ തൃപ്തിയിലാണ് അല്ലാഹുവിൻ്റെ തൃപ്തി ❞

# 17
# ഗീബത്ത്

❒ ഇമാം ബുഖാരി -റഹിമഹുല്ലാഹ്- പറഞ്ഞു:

ما اغتبت أحداً قط منذ علمت أن الغيبة تضر أهلها

❝ ഗീബത്ത്[1] പറയുന്നവർക്കത് ദോഷം ചെയ്യും എന്നറിഞ്ഞതിന് ശേഷം ഞാൻ ഒരാളെക്കുറിച്ചും, ഒരിക്കലും ഗീബത്ത് പറഞ്ഞിട്ടില്ല. ❞

سير أعلام النبلاء ١٢/٤٣٩

❒ അടിക്കുറിപ്പ്:

❝ നമ്മളിലാർക്ക് പറയാൻ സാധിക്കും, തെറ്റാണെന്ന് മനസ്സിലാക്കിയ ശേഷം ഞാനൊരിക്കലും ഗീബത്ത് പറഞ്ഞിട്ടില്ലാ എന്ന്...?!

അല്ലാഹു അനുഗ്രഹിച്ചർക്ക് മാത്രം. അവരാകട്ടെ വളരെ കുറച്ചാണ് താനും.

---

[1] .[ ഗീബത്ത് : മറ്റൊരാളെ കുറിച്ച് അവന്റെ അഭാവത്തിൽ അവനിഷ്ടമില്ലാത്തത് പറയൽ ]

# 18
## ജമാഅത്ത് നിസ്കാരം

❒ സഈദ് ബ്നുൽ മുസയ്യബ് -റഹിമഹുല്ലാഹ്- പറഞ്ഞു:

مَا فَاتَتْنِي الصَّلَاةُ فِي الْجَمَاعَةِ مُنْذُ أَرْبَعِينَ سَنَة

❝ നാൽപത് വർഷമായിട്ട് എനിക്ക് ജമാഅത്ത് നിസ്കാരം നഷ്ടപ്പെട്ടിട്ടില്ല. ❞

حلية الأولياء : ١٦٢/٢

❒ ശൈഖ് അബ്ദുർറസ്സാഖ് അൽബദ്ർ -ഹഫിളഹുല്ലാഹ്- പറയുന്നു:

❝ എത്രയോ ആളുകൾക്ക് ഓരോ ദിവസവും ജമാഅത്ത് നിസ്കാരം നഷ്ടപ്പെടുന്നു. ആഴ്ച്ചയിൽ ഒന്നിലധികം ജമാഅത്തുകൾ നഷ്ടപ്പെടുന്നു. ഇവർ സലഫുകളുടെ ചര്യയിൽ നിന്ന് എത്രമാത്രം വിദൂരത്താണ്..! ❞

الموقع الرسمي لفضيلة الشيخ عبد الرزاق البدر حفظه الله

# 19
# മറ്റുള്ളവരെ നിസ്സാരന്മാരായി കാണൽ

❒ ഇബ്നുൽ മുബാറക് -റഹിമഹുല്ലാഹ്- പറഞ്ഞു:

**"من استخف بالعلماء ذهبت آخرته ،ومن استخف بالأمراء ذهبت دنياه ،ومن استخف بالإخوان ذهبت مروءته"**

❝ ആര് പണ്ഡിതന്മാരെ നിന്ദിച്ചോ അവന്റെ പരലോകം നഷ്ടപ്പെട്ടു, ആര് ഭരണാധികാരികളെ നിന്ദിച്ചോ അവന്റെ ഇഹലോകം നഷ്ടപ്പെട്ടു, ആര് തന്റെ സഹോദരങ്ങളെ നിന്ദിച്ചോ അവന്റെ നല്ല വ്യക്തിത്വം നഷ്ടപ്പെട്ടു. ❞

سير أعلام النبلاء ١٥/٤٢٥

❒ ശൈഖ് അബ്ദുർറസ്സാഖ് അൽബദ്ർ -ഹഫിളഹുല്ലാഹ്- പറയുന്നു:

❝ മറ്റുള്ളവരെ നിസ്സാരവൽക്കരിക്കുന്ന കണ്ണോടെ നോക്കി കാണുക എന്നത് ഒരു തരം അഹന്തയും അഹങ്കാരവുമാണ്.

ബുദ്ധിയുള്ളവൻ ഒരിക്കലും ഒരാളെയും ചെറുതായി കാണുകയില്ല. ആരാണോ ആളുകളെ ചെറുതായി കാണുന്നത് ഈ പറഞ്ഞ രൂപത്തിലായിരിക്കും അവന്റെ പര്യവസാനം. ❞

الموقع الرسمي لفضيلة الشيخ عبد الرزاق البدر حفظه الله

# 20

## എന്റെ ദിർഹം നഷ്ടപ്പെട്ടു!

❐ അബൂബക്ർ ബ്നു അയ്യാശ് -റഹിമഹുല്ലാഹ്- പറഞ്ഞു:

"إِنَّ أَحَدَهُمْ لَوْ سَقَطَ مِنْهُ دِرْهَمٌ لَظَلَّ يَوْمَهُ يَقُولُ :إِنَّا لِلَّهِ،ذَهَبَ دِرْهَمِي ،وَلَا يَقُولُ :ذَهَبَ يَوْمِي ،مَا عَمِلْتُ فِيهِ"

❝ ചിലയാളുകൾ അവരുടെ ഒരു ദിർഹം കളഞ്ഞു പോയാൽ ആ ദിവസം മുഴുവൻ "ഇന്നാലില്ലാ എന്റെ ദിർഹം നഷ്ടപ്പെട്ടു" എന്ന് സങ്കടപ്പെട്ട് പറഞ്ഞു കൊണ്ടിരിക്കും. എന്നാൽ സൽകർമങ്ങൾ ചെയ്യാതെ എന്റെ ഒരു ദിവസം നഷ്ടപെട്ടു പോയി എന്നവർ ഖേദത്തോടെ പറയുന്നില്ല!! ❞

الحلية لأبي نعيم ٣٠٣/٨

❐ ശൈഖ് അബ്ദു റസാഖ് അൽ ബദർ -ഹഫിളഹുല്ലാഹ്- പറയുന്നു:

❝ ചിലർക്കൊരു ഫർള് നഷ്ട്ടപ്പെട്ടാൽ അതിന്റെ പേരിൽ അവർ വേദനിക്കുകയോ പ്രയാസപ്പെടുകയോ ഇല്ല. എന്നാൽ ദുനിയാവ് ഒരൽപ്പം നഷ്ടപെട്ടാൽ ആ ദിവസം മുഴുവൻ അതിന്റെ പേരിൽ പ്രയാസത്തിലായിരിക്കും. അല്ലാഹു നമ്മുടെ ഏറ്റവും വലിയ ലക്ഷ്യം ദുനിയാവ് ആക്കാതിരിക്കട്ടെ. ❞

الموقع الرسمي لفضيلة الشيخ عبد الرزاق بن عبد المحسن البدر

# 21
# 'ജസാക്കല്ലാഹു ഖൈറൻ'

❒ ഉമറുബ്നുൽ ഖത്ത്വാബ് -റളിയല്ലാഹു അൻഹു- പറഞ്ഞു:

**لَوْ يَعْلَمُ أَحَدُكُمْ مَا لَهُ فِي قَوْلِهِ لِأَخِيهِ :جَزَاكَ اللهُ خَيْرًا ،لَأَكْثَرَ مِنْهَا بَعْضُكُمْ لِبَعْضٍ**

❝ 'ജസാക്കല്ലാഹു ഖൈറൻ' (അല്ലാഹു നിങ്ങൾക്ക് നന്മ പ്രതിഫലമായി നൽകട്ടെ) എന്ന് തന്റെ സഹോദരനോട് പറയുന്നതിലുള്ള നേട്ടം നിങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ, നിങ്ങൾ പരസ്പരം അത് പറയൽ വർദ്ധിപ്പിക്കുമായിരുന്നു. ❞

المصنف لابن أبي شيبة : ٢٦٥١٩

❒ ശൈഖ് അബ്ദുർറസ്സാഖ് അൽബദ്ർ -ഹഫിളഹുല്ലാഹ്- പറയുന്നു:

❝ എത്ര മഹത്തായ വാചകമാണത്!. ഉപകാരം ചെയ്തവരോടും, നന്മ ചെയ്യുന്നവരോടുമുള്ള എത്ര ഉന്നതമായ പ്രശംസയാണത്!. കാരണം, തനിക്ക് ചെയ്ത് കിട്ടിയ ഉപകാരത്തിനുള്ള അർഹിക്കുന്ന പ്രത്യുപകാരം ചെയ്യാൻ തനിക്ക് പരിമിതികളുണ്ടെന്ന് അംഗീകരിക്കുന്നതോടൊപ്പം, അതിന് ഏറ്റവും പൂർണമായ പ്രതിഫലം അല്ലാഹുവാണ് നൽകേണ്ടതെന്ന് അവനിലേക്ക് ഏൽപ്പിക്കുകയുമാണ് ഈ പ്രാർത്ഥനാ വാചകത്തിൽ.

വേണ്ടത് പോലെ പ്രത്യുപകാരം ചെയ്യാൻ നിന്റെ കൈകൊണ്ട് സാധിച്ചില്ലെങ്കിൽ, നാവ് കൊണ്ട് നന്ദി പറഞ്ഞും, പ്രതിഫലത്തിനു വേണ്ടി പ്രാർത്ഥിച്ചും നീ അത് പരിഹരിക്കുക എന്ന് ചിലർ പറഞ്ഞത് പോലെ. ❞

الموقع الرسمي لفضيلة الشيخ عبد الرزاق البدر حفظه الله

# 22
# തൗഹീദ് പഠനം

❒ മുഹമ്മദ് ബ്നു അബ്ദിൽ വഹാബ് -റഹിമഹുല്ലാഹ്- പറഞ്ഞു:

..أن قول الجاهل : التوحيد فهمناه هذا من أكبر الجهل ومكائد الشيطان

❝ തൗഹീദൊക്കെ നാം മനസ്സിലാക്കി കഴിഞ്ഞു എന്ന് പറയുന്നത് ഏറ്റവും വലിയ വിവരക്കേടും പിശാചിന്റെ തന്ത്രവുമാണ്. ❞

مجموع مؤلفاته :١/ ١٧٥

❒ ശൈഖ് സ്വാലിഹ് അസ്സിൻദി -ഹഫിളഹുല്ലാഹ്- പറയുന്നു:

❝ തൗഹീദ് വേണ്ട രൂപത്തിൽ ഉൾകൊള്ളാതെ ഇത്രയൊക്കെ മതി എന്ന ഭാവത്തിലും, തൗഹീദിൽ നിന്ന് മറ്റുള്ളവരെ അകറ്റാനും, ഈ രണ്ട് രൂപത്തിലും ഇങ്ങനെ പറയുന്നവരുണ്ട്. ❞

# 23
## ഉപദേശം രഹസ്യമായിരിക്കട്ടെ..

❒ ഇമാം ശാഫിഈ -റഹിമഹുല്ലാഹ്- പറഞ്ഞു:

❝ ആരെങ്കിലും തന്റെ സഹോദരനെ രഹസ്യമായി ഉപദേശിച്ചാൽ, അവൻ അവനോട് ഗുണകാംക്ഷ കാണിക്കുകയും, അവനെ നന്നാക്കുകയും ചെയ്തിരിക്കുന്നു. അരെങ്കിലും പരസ്യമായാണ് ഉപദേശിക്കുന്നതെങ്കിൽ, അവനെ മോശമാക്കുകയും വഷളാക്കുകയും ചെയ്തിരിക്കുന്നു. ❞

حلية الأولياء ; ٩/١٤٠

❒ ശൈഖ് ഇബ്രാഹീം അൽമസ്‌റൂഈ -ഹഫിളഹുല്ലാഹ്- പറഞ്ഞു:

പരസ്യമായി ഉപദേശിക്കുന്നതിൽ ഇല്ലാത്ത വലിയ ഗുണഫലങ്ങൾ രഹസ്യമായി ഉപദേശിക്കുന്നതിലുണ്ട്.

• ഉപദേശം സ്വീകരിക്കാൻ കൂടുതൽ നല്ലത് രഹസ്യമാക്കലാണ്.

• രിയാഅ് കടന്നുവരാതിരിക്കാൻ ഏറ്റവും സുരക്ഷിതം അതാണ്.

• ഉപദേശിക്കപ്പെടുന്നയാൾക്ക് ഉപദ്രവമാകാതിരിക്കാനും ഏറ്റവും നല്ലത് അതാണ്.

سلسلة بطاقات شبكة بينونة

# 24
## ഉൽകൃഷ്ടമായ പ്രാർത്ഥന

❒ മുത്വരിഫ് ബ്നു അബ്ദില്ല -റഹിമഹുല്ലാഹ്- പറയുന്നു:

اللَّهُمَّ إني أعوذ بك أن يكون أحدٌ أسعد بما علمتني مني ،وأعوذ بك أن أكون عبرة لغيري

❝ അല്ലാഹുവേ നീ എനിക്ക് തന്ന അറിവ് ഉപയോഗപ്പെടുത്തി എന്നേക്കാൾ കൂടുതൽ മറ്റൊരാൾ സൗഭാഗ്യവാനാകുന്നതിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു. ഞാൻ മറ്റുള്ളവർക്ക് ഒരു പാഠമായി തീരുന്നതിൽ നിന്നും നിന്നോട് ഞാൻ അഭയം തേടുന്നു. ❞

الزهد للإمام أحمد : ١٣٤٢

❒ ശൈഖ് അബ്ദുർറസ്സാഖ് അൽ ബദർ -ഹഫിളഹുല്ലാഹ്- പറയുന്നു:

❝ 'ഏറ്റവും ഉൽകൃഷ്ടമായ ഒരു പ്രാർത്ഥനയാണിത്' എന്ന് ഇബ്നു തൈമിയ്യ -റഹിമഹുല്ലാഹ്- ഈ പ്രാർത്ഥനയെ കുറിച്ച് പറഞ്ഞിട്ടുണ്ട്.

ആരെങ്കിലും തന്റെ അറിവനുസരിച്ച് പ്രവർത്തിക്കാതെ മറ്റുള്ളവരിലേക്ക് അത് എത്തിച്ച് കൊടുക്കുമ്പോൾ, അവരായിരിക്കും അയാളേക്കാൾ ആ അറിവ് കൊണ്ട് സൗഭാഗ്യം നേടുന്നവർ.

വീഴ്ച സംഭവിച്ച മുൻകാലക്കാരുടെ അവസ്ഥയിൽ നിന്ന് പാഠം ഉൾക്കൊള്ളാത്തവർ ശേഷം വരുന്നവർക്ക് ഒരു പാഠമായി തീരും. ❞

الموقع الرسمي لفضيلة الشيخ عبد الرزاق البدر حفظه الله

# 25
## ദരിദ്ര വീട്

❒ അബ്ദുല്ലാഹിബ്നു മസ്ഊദ് -റളിയല്ലാഹു അൻഹു- പറഞ്ഞു:

"إن أصفر البيوت الذي أصفر من كتاب الله"

❝ ഏറ്റവും ദരിദ്രമായ വീട് അല്ലാഹുവിന്റെ കിതാബ് പാരായണം ചെയ്യപ്പെടാതെ ശൂന്യമായ വീടാണ്. ❞

مصنف ابن أبي شيبة ; ٣٠٠٢٤

❒ ശൈഖ് അബ്ദുർറസ്സാഖ് അൽബദ്ർ -ഹഫിളഹുല്ലാഹ്- പറയുന്നു:

❝ അതായത്, ഏറ്റവും നന്മയും ബറകത്തും കുറഞ്ഞ വീടുകൾ ഖുർആൻ പാരായണം ചെയ്യപ്പെടാത്ത വീടുകളാണ്. ഖുർആൻ പാരായണം ചെയ്യപ്പെടാതിരിക്കുന്നത് ബറകത്ത് നഷ്ടപ്പെടുത്തുകയും, പിശാചുക്കളെ ക്ഷണിച്ച് വരുത്തുകയും ചെയ്യും.

അബൂ ഹുറൈറ -റളിയല്ലാഹു അൻഹു- പറയാറുണ്ടായിരുന്നു: ഖുർആൻ പാരായണം ചെയ്താൽ വീട്ടുകാർക്ക് വീട്ടിൽ വിശാലത ലഭിക്കുകയും, മലക്കുകൾ സന്നിഹിതരാകുകയും, പിശാചുക്കൾ അവിടം വിട്ടു പോകുകയും, വീട്ടിലെ നന്മ വർദ്ധിക്കുകയും ചെയ്യും. ഖുർആൻ ഓതാതിരുന്നാൽ വീട്ടുകാർക്ക് വീട് ഇടുങ്ങുകയും, മലക്കുകൾ അവിടം വിടുകയും, പിശാചുക്കൾ സന്നിഹിതരാകുകയും, നന്മ കുറയുകയും ചെയ്യും. ❞

رواه الدارمي : 3309

الموقع الرسمي لفضيلة الشيخ عبد الرزاق البدر حفظه الله

# 26
## കണ്ണ്; മഹത്തായ അനുഗ്രഹം

❒ ബക്ർ ബ്നു അബ്ദില്ല -റഹിമഹുല്ലാഹ്- പറഞ്ഞു:

"يا ابن آدم ،إن أردتَ أن تعلمَ قدرَ ما أنعمَ الله عليك ،فغمض عينيك"

❝ മനുഷ്യാ, അല്ലാഹു നിനക്ക് ചെയ്ത അനുഗ്രഹങ്ങളുടെ വലിപ്പം മനസ്സിലാക്കണമെങ്കിൽ, നീ നിന്റെ കണ്ണുകളൊന്ന് അടച്ചു നോക്കുക. ❞

جامع العلوم والحكم : ص-٤٥٩

❒ ശൈഖ് അബ്ദുർറസ്സാഖ് അൽബദ്ർ -ഹഫിളഹുല്ലാഹ്- പറഞ്ഞു:

❝ ഇങ്ങനെ ചെയ്താൽ കണ്ണെന്ന ഈ അനുഗ്രഹത്തിന്റെ മഹത്വം നിനക്ക് അനുഭവിച്ചറിയാൻ സാധിക്കും. പിന്നീട് ഹറാമുകൾ നോക്കിക്കൊണ്ട് അതിനെ അല്ലാഹുവിനെ ധിക്കരിക്കാൻ ഉപയോഗിക്കുന്നതിനെ നീ സൂക്ഷിക്കുക. ❞

# 27

# സുന്നത്ത് നൂഹ് -അലൈഹിസ്സലാം- ന്റെ കപ്പൽ പോലെയാണ്

❒ ഇമാം മാലിക്ക് ബ്ന് അനസ് -റഹിമഹുല്ലാഹ്- പറഞ്ഞു:

السنَّةُ سفينةُ نوح مَن ركبها نجا ومن تخلَّف عنها غرق

*സുന്നത്ത് നൂഹ്  -അലൈഹിസ്സലാം- ന്റെ കപ്പൽ പോലെയാണ്. ആര് അതിൽ കയറിയോ അവൻ രക്ഷപ്പെട്ടു. ആര് അതിൽ കയറാതെ മാറി നിന്നോ അവൻ മുങ്ങി നശിക്കും

ذم الكلام للهروي : ١٢٤/٤

❒ ശൈഖ് അബ്ദുർറസാഖ് അൽ ബദ്ർ -ഹഫിളഹുല്ലാഹ്- പറയുന്നു:

❝ സലഫുകളായ പണ്ഡിതന്മാർ പറയാറുണ്ടായിരുന്നു:
"സുന്നത്ത് മുറുകെ പിടിക്കലാണ് രക്ഷ"

*സുന്നത്തിന്റെ മാർഗത്തിൽ നിന്ന് തെറ്റി പോയി നാശത്തിന്റെ വഴിയിൽ പ്രവേശിച്ചവന് പിന്നെങ്ങനെയാണ് രക്ഷ പ്രതീക്ഷിക്കാൻ കഴിയുക!

നൂഹ് നബി -അലൈഹിസ്സലാം- യുടെ കപ്പലിനോട് സുന്നത്തിനെ ഉപമിച്ചത് എത്ര മാത്രം സുന്ദരമായ ഉപമയാണ്. ❞

الموقع الرسمي لفضيلة الشيخ عبد الرزاق البدر حفظه الله

# 28
## യഥാർത്ഥ പ്രതാപം

❒ ഇമാം ശാഫിഈ -റഹിമഹുല്ലാഹ്- പറഞ്ഞു:

**من لم تُعزه التقوى فلا عز له**

തഖ്‌വ കൊണ്ട് പ്രതാപം ലഭിക്കാത്തവന് യാതൊരു പ്രതാപവുമില്ല.

سير أعلام النبلاء : ١٠/٩٧

❒ അടിക്കുറിപ്പ്:

ദീനിന്റെ വിധി-വിലക്കുകൾ പാലിക്കുന്നത് കൊണ്ട് ലഭിക്കുന്ന പ്രതാപമാണ് യഥാർത്ഥ പ്രതാപം എന്നർത്ഥം.

# 29
## പക്ഷേ പ്രശ്നം ദീനായിപ്പോയി!!

❒ ഇമാം ഔസാഇ -റഹിമഹുല്ലാഹ്- ഒരിക്കൽ സൗറ് ബ്നു യസീദിനെ കണ്ടുമുട്ടി. ഹസ്തദാനം ചെയ്യാനായി സൗർ ബ്നു യസീദ് കൈ നീട്ടിയപ്പോൾ നിരസിച്ചു കൊണ്ട് ഇമാം ഔസാഇ പറഞ്ഞു:

يا ثور ،لو كانت الدنيا لكانت المقاربة ،ولكنه الدين

❝ സൗർ..., ദുൻയവിയായ ഒരു പ്രശ്നമായിരുന്നെങ്കിൽ നമുക്ക് അടുക്കാമായിരുന്നു. പക്ഷേ പ്രശ്നം ദീനായിപ്പോയി!. ❞

سير أعلام النبلاء : ٣٤٤\٦

❒ അടിക്കുറിപ്പ്:

ബിദ്അത്ത്കാരോട് വളരെ കർശനമായ നിലപാടാണ് സലഫുകൾ സ്വീകരിച്ചത്. കാരണം പ്രശ്നം ദീനിനെ ബാധിക്കുന്നതാണ്.

• ഹാഫിള് അൽ ഹകമി -റഹിമഹുല്ലാഹ്- പറഞ്ഞു:

وكُلُّ كَسْرِ الفَتَى فالدِّينُ جابِرُهُ
وَالكَسْرُ فِي الدِّينِ صَعْبٌ غَيْرُ مُلْتَئِمِ

"മറ്റെല്ലാ പോരായ്മകളെയും ദീനുണ്ടെങ്കിൽ അത് പരിഹരിക്കും. എന്നാൽ പോരായ്മയുള്ളത് ദീനിലാണെങ്കിൽ മറ്റെന്ത് നന്മ കൊണ്ടും അത് പരിഹരിക്കപ്പെടില്ല."

-സൗറ് ബ്നു യസീദ് ഖദ്റിനെ നിഷേധിക്കുന്ന ബിദ്അത്ത്കാരനായിരുന്നു. പിന്നീടദ്ദേഹം ആ പിഴച്ച വാദത്തിൽ നിന്ന് മടങ്ങിയിട്ടുണ്ട് എന്ന് ഇമാം ദഹബിയെപ്പോലുള്ളവർ സൂചിപ്പിച്ചിട്ടുണ്ട്.

## 30
## നല്ല മരണം

❒ മുഅ്തമിർ ബ്ന സുലൈമാൻ -റഹിമഹുല്ലാഹ്- പറയുന്നു:

ഒരിക്കൽ ദുഃഖിച്ചു കൊണ്ട് ഞാൻ ഉപ്പയുടെ അടുക്കൽ ചെന്നപ്പോൾ ഉപ്പ കാരണമന്വേഷിച്ചു. ഞാൻ പറഞ്ഞു: എന്റെ ഒരു കൂട്ടുകാരൻ മരണപ്പെട്ടു. ഇത് കേട്ടപ്പോൾ ഉപ്പ ചോദിച്ചു: ശരിയായ അഹ്ലുസ്സുന്നയുടെ വിശ്വാസത്തിലായിട്ടാണോ മരണപ്പെട്ടത്? അതെയെന്ന് ഉത്തരം പറഞ്ഞപ്പോൾ ഉപ്പ പറഞ്ഞു: എങ്കിൽ അദ്ദേഹത്തിന്റെ കാര്യത്തിൽ നീ ഭയപ്പെടേണ്ടതില്ല.

شرح أصول اعتقاد أهل السنة للالكائي : ٦١

❒ അടിക്കുറിപ്പ്:

പ്രിയപ്പെട്ട പലരുടേയും മരണത്തെക്കുറിച്ച് ഓർക്കുമ്പോഴുള്ള ഏറ്റവും വലിയ ആശ്വാസവും സമാധാനവുമാണ് അവർ തൗഹീദിലും ശരിയായ അകീദയിലുമായിട്ടാണ് മരണപ്പെട്ടത് എന്നത്. അല്ലാഹു നമ്മുടെ അവസാനം നന്നാക്കി തരട്ടെ.

# 31
# യഥാർത്ഥ വിഡ്ഢി

❒ ഇമാം നവവി -റഹിമഹുല്ലാഹ്- പറഞ്ഞു:

ليس بعاقل من أمكنه درجة ورثة الأنبياء ثم فوّتها

❝ അമ്പിയാക്കളുടെ അനന്തരാവകാശികളുടെ പദവി കരസ്ഥമാക്കാനുള്ള അവസരം ലഭിച്ച ശേഷം അത് പാഴാക്കിക്കളയുന്നവൻ ബുദ്ധിയുള്ളവനല്ല. ❞

المجموع : ١/٣٧

❒ അടിക്കുറിപ്പ്:

പണ്ഡിതന്മാരാണ് അമ്പിയാക്കളുടെ അനന്തരാവകാശികൾ. അറിവ് പഠിക്കുന്നവന്റെ പദവി നുബുവ്വത്തിന് ശേഷമുള്ള പദവിയാണ്. ദീൻ പഠിക്കാൻ അവസരവും സൗകര്യവും ലഭിച്ച ശേഷം അതിൽ നിന്ന് തിരിഞ്ഞ് കളയുക എന്നത് എത്രമാത്രം വലിയ വിഡ്ഢിത്തമാണ്.

• ഇമാം ശാഫിഈ -റഹിമഹുല്ലാഹ്- പറഞ്ഞു:

❝ അറിവ് പഠിക്കുന്നതിന്റെ ശ്രേഷ്ഠത മനസ്സിലാക്കിയ ശേഷം അത് ഉപേക്ഷിക്കുകയോ, അല്ലെങ്കിൽ പിന്നെയാകാമെന്ന് പറഞ്ഞ് നീട്ടി വെച്ച് നഷ്ടപ്പെടുത്തിക്കളയുകയോ ചെയ്യുവനാണ് യഥാർത്ഥ വിഡ്ഢി. ❞

ديوان الإمام الشافعي: ص ٤٣

# 32
## സമുദായത്തിന്റെ നന്മ

❒ അബ്ദുല്ലാഹ് ബ്നു ഈസാ -റഹിമഹുല്ലാഹ്- പറയുന്നു:

لا تزالُ هذه الأمّة بخير ما تعلّمَ وِلدانُها القرآن

❝ സമുദായത്തിലെ ചെറിയ മക്കൾ ഖുർആൻ പഠിക്കുന്ന കാലത്തോളം ഈ സമുദായം നന്മയിലായിരിക്കും. ❞

موسوعة ابن أبي الدنيا: ٧٥/٨

❒ അടിക്കുറിപ്പ്:

❝ മക്കൾക്ക് ഭൗതികവിദ്യാഭ്യാസം നൽകാൻ കാണിക്കുന്നതിന്റെ പത്തിൽ ഒന്നുപോലും താൽപര്യം അവരെ ഖുർആനും ദീനും പഠിപ്പിക്കാൻ കാണിക്കാതെ സമുദായത്തിന്റെ അവസ്ഥയെക്കുറിച്ച് സങ്കടപ്പെടുന്നതിന് എന്ത് അർത്ഥമാണുള്ളത്!!. ❞

# 33
## വലിയ അഭിമാനം

❒ യഹ്യ ബ്നു മുആദ് -റഹിമഹുല്ലാഹ്- പറഞ്ഞു:

للتائب فخر لا يُعادله فخر ،فرح الله بتوبته

തൗബ ചെയ്യുവന് മറ്റാരേക്കാളും വലിയ ഒരു അഭിമാനമുണ്ട്; അല്ലാഹു തന്റെ തൗബ കൊണ്ട് സന്തോഷിക്കുന്നു എന്നത്.

صفوة الصفوة: ٣/٣٤٢

❒ അടിക്കുറിപ്പ്:

സുബ്ഹാനല്ലാഹ്!
ദുർബലനായ അടിമ ഖേദിച്ച് മടങ്ങുമ്പോൾ എല്ലാറ്റിന്റെയും ഉടമസ്ഥനും അധികാരിയുമായ അല്ലാഹു സന്തോഷിക്കുന്നു. വിജന ഭൂമിയിൽ വാഹനമൃഗവും അന്നപാനീയങ്ങളും നഷ്ടപ്പെട്ട് മരണം മുന്നിൽ കാണുന്നയാൾക്ക് തന്റെ വാഹനമൃഗവും ഭക്ഷണവും തിരിച്ച് കിട്ടുമ്പോൾ ഉണ്ടാകുന്ന സന്തോഷത്തേക്കാൾ..!

# 34
# പൂർണമാകാത്ത നിസ്കാരം

❒ അബൂ ഖൈസ് -റഹിമഹുല്ലാഹ്- പറയുന്നു:

❝ മസ്റൂഖ് -റഹിമഹുല്ലാഹ്- ഒരിക്കൽ ഒരാൾ നിസ്കരിക്കുമ്പോൾ സുജൂദിൽ കാൽ ഉയർത്തിയതായി കണ്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: ഇയാളുടെ നിസ്കാരം പൂർണമായിട്ടില്ല. ❞

المصنف لابن أبي شيبة: ٢٩٩٤

❒ അടിക്കുറിപ്പ്:

നിസ്കാരത്തിൽ സംഭവിക്കുന്ന പല അബദ്ധങ്ങളും നിസ്കാരം തന്നെ ബാത്വിലാക്കുന്നവയാണ്. നബി ﷺ പറഞ്ഞു:

إنَّ الرجلَ ليُصلِّي ستِّينَ سنةً و ما تُقبَلُ له صلاةٌ ،لعله يتمُّ الركوعَ ولا يتمُّ السُّجودَ ويتمُّ السجودَ ولا يتمُّ الركوعَ

ഒരാൾ അറുപത് വർഷം നിസ്കരിക്കും. പക്ഷേ അയാളുടെ ഒരു നിസ്കാരം പോലും സ്വീകരിക്കപ്പെട്ടിട്ടുണ്ടാകില്ല!. (ചിലപ്പോൾ) അവൻ റുകൂഅ് പൂർത്തിയാക്കിയിട്ടുണ്ടാകും, എന്നാൽ സുജൂദ് പൂർണമായി ചെയ്തിട്ടുണ്ടാവില്ല. അതുപോലെ സുജൂദ് പൂർത്തിയാക്കിയിട്ടുണ്ടാകും, എന്നാൽ റുകൂഅ് പൂർണമായി ചെയ്തിട്ടുണ്ടാവില്ല.

أخرجه الأصبهاني في"الترغيب" ٢ /٢٣٦ وحسنه الألباني

# 35

## സ്വന്തം പോരായ്മകൾ

❒ ഇയാസ് ബ്നു മുആവിയ -റഹിമഹുല്ലാഹ്- പറഞ്ഞു:

كُلُّ رَجُلٍ لا يَعْرِفُ عَيْبَ نَفْسِهِ فَهُوَ أَحْمَق

സ്വന്തം പോരായ്മകൾ തിരിച്ചറിയാത്തവരെല്ലാം വിഡ്ഢികളാണ്.

അപ്പോൾ അദ്ദേഹത്തോട് ചോദിക്കപ്പെട്ടു: നിങ്ങളുടെ പോരായ്മ എന്താണ്? അദ്ദേഹം പറഞ്ഞു: അമിത സംസാരം.

البِدَايَة والنِّـهَـايَة : ١٢٦/١٣

❒ അടിക്കുറിപ്പ്:

❝ സ്വന്തം പോരായ്മകളെ കുറിച്ച് ധാരണയുണ്ടാകുന്നതും, സ്വന്തം നിലവാരത്തെ കുറിച്ച് ബോധ്യമുണ്ടാകുന്നതും അർഹതയില്ലാത്ത സ്ഥാനങ്ങളും ബഹുമതിയും ആഗ്രഹിക്കാതിരിക്കാൻ ഉപകരിക്കും. സ്വന്തം കുറവുകൾ അന്വേഷിക്കുന്നയാൾക്ക് മറ്റുള്ളവരുടെ കുറവുകളും കുറ്റങ്ങളും അന്വേഷിക്കാൻ സമയമുണ്ടാകില്ല. ❞

• ഇമാം ഖഹ്ത്വാനി -റഹിമഹുല്ലാഹ്- പറഞ്ഞു:

لا تشغلن بعيب غيرك غافلا

عن عيب نفسك إنه عيبان

“തന്റെ പോരായ്മകൾ കാണാതെ മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും അന്വേഷിക്കുന്നതിൽ വ്യാപൃതനാകുക എന്നത് രണ്ട് പോരായ്മയാണ്”

# 36
## നാളെത്തെ മയ്യിത്ത് ഇന്നത്തെ മയ്യിത്തിനെ അനുഗമിക്കുന്നു.

❒ താബിഇയായ അഅ്മശ് -റഹിമഹുല്ലാഹ്- പറയുന്നു:

"كنا نشهد الجنازة ولا ندري من المعزى فيها لكثرة الباكين , وإنما بكاؤهم على أنفسهم لا على الميت"

❝ ഞങ്ങൾ ജനാസയിൽ പങ്കെടുക്കുമ്പോൾ കരയുന്നവരുടെ എണ്ണപ്പെരുപ്പം കാരണം മയ്യിത്തിന്റെ ബന്ധു ആരാണെന്ന് മനസ്സിലാക്കാൻ കഴിയാറില്ലായിരുന്നു. അവരൊക്കെയും കരഞ്ഞിരുന്നത് മയ്യിത്തിന്റെ കാര്യം ഓർത്തു കൊണ്ടായിരുന്നില്ല. മറിച്ച് അവരുടെ സ്വന്തം കാര്യം ഓർത്തുകൊണ്ടായിരുന്നു. ❞

العاقبة في ذكر الموت والآخرة للإشبيلي ص -١٥٤

❒ അടിക്കുറിപ്പ്:

മരണത്തെക്കുറിച്ചുള്ള ചിന്തയുണ്ടാക്കുന്ന സന്ദർഭങ്ങളാണ് ജനാസയെ അനുഗമിക്കലും കബറടക്കുന്നതിന് സാക്ഷിയാകലുമെല്ലാം.

മയ്യിത്ത് പരിപാലനത്തിനിടെ ചിരിക്കുന്നയാളെ കണ്ടപ്പോൾ അബുദ്ദർദാഅ് -റളിയല്ലാഹു അൻഹു- അദ്ദേഹത്തോട് ഇപ്രകാരം ചോദിച്ചതായി കാണാം:

❝ നീയിപ്പോൾ സാക്ഷിയായ മരണത്തിന്റെ ഭീകരത ചിരിക്കാതിരിക്കാൻ നിന്നെ പ്രേരിപ്പിക്കുന്നില്ലേ?!. ❞

تاريخ مدينة دمشق: ١٩٤/٤٧

ഹസനുൽ ബസ്വ്‌രി -റഹിമഹുല്ലാഹ്- ജനാസ അനുഗമിക്കുന്നവരെ നോക്കി പറഞ്ഞു:

مَيِّتُ غَدٍّ يُشَيِّعُ مَيِّتَ اليومِ

❝ നാളെത്തെ മയ്യിത്ത് ഇന്നത്തെ മയ്യിത്തിനെ അനുഗമിക്കുന്നു. ❞

المدخل : ٢٤٤/٤

37

## സ്നേഹത്തിന്റെ അളവുകോൽ

❒ ഇബ്നു മസ്ഊദ് -റളിയല്ലാഹു അൻഹു- പറഞ്ഞു:

من أحب أن يعلم أنه يحب الله ورسوله ،فلينظر فإن كان يحب القرآن فهو يحب الله ورسوله

❝ ആരെങ്കിലും താൻ അല്ലാഹുവിനേയും റസൂലിനെയും ഇഷ്ടപ്പെടുന്നുണ്ടോ എന്നറിയാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ ഖുർആനിനോടുള്ള അവന്റെ ഇഷ്ടം പരിശോധിക്കട്ടെ. ഖുർആനിനെ ഇഷ്ടപ്പെടുന്നുണ്ടെങ്കിൽ അവൻ അല്ലാഹുവിനെയും റസൂലിനെയും ഇഷ്ടപ്പെടുന്നുണ്ട്. ❞

أخرجه الطبراني في المعجم الكبير : ٨٦٥٧

❒ അടിക്കുറിപ്പ്:

❝ ഖുർആൻ പാരായണം ചെയ്യാനും പഠിക്കാനും അതനുസരിച്ച് ജീവിതം ചിട്ടപ്പെടുത്താനും നാം എത്രമാത്രം താൽപര്യം കാണിക്കുന്നുണ്ട് എന്നത് തീർച്ചയായും ഒന്ന് പുനർവിചിന്തനം ചെയ്യേണ്ടതുണ്ട്. അത് അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള നമ്മുടെ സ്നേഹം അളക്കാനുള്ള മാനദണ്ഡമാണ്. ❞

# 38

## നിസ്കരിക്കാത്തവന് ഇസ്ലാമില്ല.

❒ ഉമർ -റളിയല്ലാഹു അൻഹു- പറഞ്ഞു:

لا إسلام لمن لا يصلي

❝ നിസ്കരിക്കാത്തവന് ഇസ്ലാമില്ല. ❞

تعظيم قدر الصلاة للمروزي : ٨٧٩/٢

❒ അടിക്കുറിപ്പ്:

❝ നിസ്കരിക്കാത്തവന് ഇസ്ലാമിൽ നിന്ന് യാതൊരു വിഹിതവും ഇല്ല എന്നർത്ഥം. നിസ്കാരം ഉപേക്ഷിക്കുന്നവൻ കാഫിറാണെന്നാണ് പ്രബലമായ പണ്ഡിത വീക്ഷണം. ❞

# 39
# പിശാചിന്റെ ദൂതന്മാർ

❒ ഇബ്നു അയ്യാശ് -റഹിമഹുല്ലാഹ്- പറയുന്നു:

❝ ഞാൻ വഹ്ബ് ബ്നു മുനബ്ബിഹ് -റഹിമഹുല്ലാഹ്- യുടെ അടുക്കൽ ഇരിക്കുന്നതിനിടയിൽ ഒരാൾ വന്നുകൊണ്ട് പറഞ്ഞു: ഞാൻ ഇന്നയാളുടെ അടുത്തു കൂടി വരുമ്പോൾ അദ്ദേഹം നിങ്ങളെ ചീത്ത പറയുകയായിരുന്നു.

ഇത് കേട്ടപ്പോൾ അദ്ദേഹം ദേഷ്യപ്പെട്ടുകൊണ്ട് ചോദിച്ചു:

أما وجد الشيطان رسولاً غيرك

**പിശാചിന് ഈ വിവരം എനിക്ക് എത്തിച്ച് തരാൻ നീയല്ലാതെ വേറൊരു ദൂതനെ കിട്ടിയില്ലേ?!. ❞**

تاريخ مدينة دمشق: ٣٩٠/٦٣

❒ അടിക്കുറിപ്പ്:

❝ മുഅ്മിനീങ്ങൾ തമ്മിൽ തെറ്റാനും, അവർക്കിടയിലുള്ള അകൽച്ചയും, വിദ്വേഷവും, പകയും വർദ്ധിക്കാനും കാരണമാകുന്ന സംസാരങ്ങൾ പരസ്പ്പരം എത്തിച്ചു കൊടുക്കുന്നവർ എത്രമാത്രം മോശപ്പെട്ട പണിയാണ് ചെയ്യുന്നതെന്ന് ബോധ്യപ്പെടാൻ വഹ്ബ് ബ്നു മുനബ്ബിഹ് -റഹിമഹുല്ലാഹ്- യുടെ ഈയൊരു മറുപടി ശ്രദ്ധിച്ചാൽ മതി. അൽപ്പ സമയത്തേക്കെങ്കിലും പിശാചിന്റെ സന്ദേശ വാഹകരാകുകയാണവർ!. ❞

# 40
# ദീനിലുണ്ടാകുന്ന സംശയങ്ങൾ റാഞ്ചിയെടുക്കുന്ന സ്വഭാവമുള്ളവയാണ്!

❒ ഇമാം സുഫ്യാനസ്സൗരി -റഹിമഹുല്ലാഹ്-പറഞ്ഞു:

"من سمع ببدعة فلا يحكها لجلسائه ،لا يلقها في قلوبهم"

❝ ആരെങ്കിലും ഒരു ബിദ്അത്തിനെ കുറിച്ച് കേട്ടാൽ അത് തന്റെ കൂടെയുള്ളവരോട് പറയുകയോ, അവരുടെ മനസ്സിൽ അത് ഇട്ടു കൊടുക്കുകയോ ചെയ്യരുത്. ❞

❒ ഇമാം ദഹബി -റഹിമഹുല്ലാഹ്- പറഞ്ഞു:

❝ ഈ കരുതൽ സ്വീകരിച്ചവരാണ് ഭൂരിഭാഗം ഇമാമീങ്ങളും. ഹൃദയം ദുർബലമാണെന്നും, ദീനിലുണ്ടാകുന്ന സംശയങ്ങൾ റാഞ്ചിയെടുക്കുന്ന സ്വഭാവമുള്ളവയാണെന്നും അവർ മനസ്സിലാക്കിയിരുന്നു. ❞

سير أعلام النبلاء : ٢٦١\٧

# 41
## നീചരായ ആളുകളുടെ സ്വഭാവം

❒ ഇബ്നു ഹസം -റഹിമഹുല്ലാഹ്- പറഞ്ഞു:

"لا تنقل إلى صديقك ما يؤلم نفسه ،ولا ينتفع بمعرفته ،هذا فعل الأراذل"

❝ നിന്റെ കൂട്ടുകാരന് നീ യാതൊരു ഉപകാരവുമില്ലാത്ത വേദന മാത്രമുണ്ടാക്കുന്ന വിവരങ്ങൾ എത്തിച്ചു കൊടുക്കരുത്. അത് ഏറ്റവും നീചരായ ആളുകളുടെ സ്വഭാവമാണ്. ❞

رسائل ابن حزم : ١ /٣٦٥

❒ അടിക്കുറിപ്പ്:

❝ പറയുന്ന കാര്യങ്ങൾ സത്യമായാൽ മാത്രം പോരാ, മറിച്ച് പറയുന്നയാളുടെ ഉദ്ദേശവും, പറഞ്ഞത് കൊണ്ടുണ്ടാകുന്ന അനന്തര ഫലവും സത്യവും നന്മയുമായിരിക്കണം എന്നും പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്. ❞

# 42
# അല്ലാഹു അല്ലാത്തവരെ കൊണ്ട് സത്യം ചെയ്യുന്നതിന്റെ അപകടം

❒ ഇബ്നു മസ്ഊദ് -റളിയല്ലാഹു അൻഹു- പറഞ്ഞു:

"لأَنْ أَحْلِفَ بِاللهِ كَاذِبًا أَحَبُّ إِلَيَّ مِنْ أَنْ أَحْلِفَ بِغَيْرِهِ وَأَنَا صَادِقٌ"

ഞാൻ അല്ലാഹുവിന്റെ പേരിൽ കള്ള സത്യം ചെയ്യലാണ് അല്ലാഹു അല്ലാത്തവരുടെ പേരിൽ സത്യസന്ധമായി സത്യം ചെയ്യുന്നതിനേക്കാൾ എനിക്കിഷ്ടം

مصنف ابن أبي شيبة: ١٢٤١٤

❒ ശൈഖ് അബ്ദുർറസ്സാഖ് അൽബദ്ർ -ഹഫിളഹുല്ലാഹ്- പറയുന്നു:

❝ ഈ വാചകം ശരിക്ക് ചിന്തിക്കുകയും, അദ്ദേഹം പറഞ്ഞ രണ്ട് അവസ്ഥകൾ തമ്മിലൊന്ന് താരതമ്യം ചെയ്ത് വിശകലനം ചെയ്യുകയും ചെയ്താൽ ഇബ്നു മസ്ഊദ് -റളിയല്ലാഹു അൻഹു- വിന്റെ ഉദ്ദേശം മനസ്സിലാക്കാൻ സാധിക്കും.
അല്ലാഹുവിൽ കള്ളസത്യം ചെയ്യുന്നവൻ ഒരു നന്മയും ഒരു തിന്മയും ചെയ്യുന്നു, അല്ലാഹുവിനെ കൊണ്ട് സത്യം ചെയ്തുവെന്ന തൗഹീദാകുന്ന നന്മയും, കള്ള സത്യം ചെയ്തുവെന്ന തിന്മയും.രണ്ടാമത്തെ സത്യം ചെയ്യലിലും ഒരു നന്മയും ഒരു തിന്മയുമുണ്ട്. സത്യം പറഞ്ഞതിന്റെ നന്മയും, അല്ലാഹു അല്ലാത്തവരെ കൊണ്ട് സത്യം ചെയ്തുവെന്ന ശിർക്കിന്റെ തിന്മയും.
സത്യം പറഞ്ഞതിന്റെ നന്മയേക്കാൾ വലുതാണ് തൗഹീദിന്റെ നന്മയെന്ന കാര്യത്തിലും, കളവിന്റെ തിന്മയേക്കാൾ കഠിനവും ഗൗരവമുള്ളതുമാണ് ശിർക്കിന്റെ തിന്മയെന്ന കാര്യത്തിലും സംശയമില്ല.... ❞

الموقع الرسمي لفضيلة الشيخ عبد الرزاق البدر حفظه الله

# 43
# കാരുണ്യവാനെക്കുറിച്ച് കരുണ ഇല്ലാത്തവരോട് പരാതിപറയുന്നവർ

❒ തന്റെ ബുദ്ധിമുട്ടുകളെക്കുറിച്ച് മറ്റുള്ളവരോട് പരാതി പറയുന്ന ഒരാളെ ഇമാം സുഫ്യാനുസ്സൗരി -റഹിമഹുല്ലാഹ്- കണ്ടപ്പോൾ അയാളോട് പറഞ്ഞു:

**يا هذا ! شكوت من يرحمك إلى من لا يرحمك**

❝ ഹേ മനുഷ്യാ, നിന്നോട് കരുണ കാണിക്കുന്നവനെക്കുറിച്ച് നിന്നോട് കരുണ ഇല്ലാത്തവരോടാണ് നീ പരാതി പറയുന്നത്! ❞

المجالسة وجواهر العلم للدينوري : ١٣١٨

❒ ശൈഖ് അബ്ദുർറസ്സാഖ് അൽബദ്ർ -ഹഫിളഹുല്ലാഹ്- പറയുന്നു:

❝ പരാതിയുള്ള ആളെക്കുറിച്ചും, പരാതി ബോധിപ്പിക്കുന്നവരെക്കുറിച്ചുമുള്ള വിവരമില്ലായ്മയുടെ ഫലമാണിത്. റബ്ബിനെ ശരിയായി മനസ്സിലാക്കിയിരുന്നെങ്കിൽ, ആ റബ്ബിനെ കുറിച്ച് അവർക്ക് പരാതി ഉണ്ടാകുമായിരുന്നില്ല. ആളുകളെ ശരിയായ രൂപത്തിൽ മനസ്സിലാക്കിയിരുന്നെങ്കിൽ അവരോട് പരാതി ബോധിപ്പിക്കുമായിരുന്നില്ല ❞

ഒരു കവി പറയുന്നു:

اذا شكوت إلى ابن آدم إنما

تشكو الرحيم إلى الذي لا يرحم

"മനുഷ്യരോട് നീ പരാതി പറയുമ്പോൾ, കാരുണ്യവാനെക്കുറിച്ച് കരുണ ഇല്ലാത്തവരോടാണ് നീ പരാതി പറയുന്നത്"

വിവരമുള്ളവർ അല്ലാഹുവോട് മാത്രമെ തങ്ങളുടെ ആവലാതികൾ ബോധിപ്പിക്കൂ. ❞

الموقع الرسمي لفضيلة الشيخ عبد الرزاق البدر حفظه الله

# 44

# എന്റെ പോരായ്മകൾ എനിക്ക് അറിയിച്ച തരുന്നവർക്ക് അല്ലാഹു റഹ്മത്ത് ചെയ്യട്ടെ.

❒ അംറ് ബ്നുൽ മുഹാജിർ -റഹിമഹുല്ലാഹ്- പറയുന്നു: ഉമർ ബ്നു അബ്ദിൽ അസീസ് -റഹിമഹുല്ലാഹ്- ഒരിക്കൽ എന്നോട് പറഞ്ഞു:

إذا رأيتموني قد حدت عن الحق فخذ بثيابي وهزني وقل : ما لك يا عمر؟

❝ ഞാൻ സത്യത്തിൽ നിന്ന് തെറ്റിയതായി കണ്ടാൽ ഉടനെ താങ്കൾ എന്റെ വസ്ത്രം പിടിച്ച് വലിച്ച് കൊണ്ട് ചോദിക്കണം: ഉമർ, എന്തുപറ്റി താങ്കൾക്ക്?! ❞

صيد الخاطر

❒ അടിക്കുറിപ്പ്:

നമ്മുടെ പോരായ്മകളും, കുറവുകളും, കുറ്റങ്ങളും ഉണർത്തുകയും നമ്മെ തിരുത്തുകയും ചെയ്യുന്ന ആളുകളോട് നമുക്ക് വലിയ കടപ്പാടുണ്ട്.

الصديق من صدقَك لا من صدَّقك

"കൂട്ടുകാരൻ നിന്നോട് സത്യം പറയുന്നവനാണ്. നീ പറയുന്നതെല്ലാം ശരിവെക്കുന്നവനല്ല" എന്ന് പറയാറുണ്ട്.

ഉമർ -റളിയല്ലാഹു അൻഹു- തന്റെ ന്യൂനതകൾ ഉണർത്തുന്ന ആളുകൾക്ക് വേണ്ടി ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു:

رحم الله من أهدى إلي عيوبي

എന്റെ പോരായ്മകൾ എനിക്ക് അറിയിച്ച തരുന്നവർക്ക് അല്ലാഹു റഹ്മത്ത് ചെയ്യട്ടെ

# 45

## മസ്അലയിൽ ഐക്യപ്പെട്ടില്ലെങ്കിലും

❒ യൂനുസ് അസ്സ്വദഫി -റഹിമഹുല്ലാഹ്- പറയുന്നു:

❝ ഇമാം ശാഫിഇയേക്കാളും ബുദ്ധിയുള്ള ഒരാളെയും ഞാൻ കണ്ടിട്ടില്ല. ഒരിക്കൽ ഒരു മസ്അലയിൽ ഞാൻ അദ്ദേഹവുമായി സംവദിച്ചു. ശേഷം പിന്നീടൊരിക്കൽ ഞങ്ങൾ കണ്ടുമുട്ടിയപ്പോൾ എന്റെ കൈ പിടിച്ചു കൊണ്ടദ്ദേഹം പറഞ്ഞു: അബൂ മൂസാ, ഒരു മസ്അലയിൽ ഐക്യപ്പെട്ടില്ലെങ്കിലും നമുക്ക് സഹോദരങ്ങളാകാൻ പറ്റില്ലേ. ❞

❒ ഇമാം ദഹബി -റഹിമഹുല്ലാഹ്- പറഞ്ഞു:

❝ ഇമാം ശാഫിഇയുടെ ബുദ്ധി വൈഭവവും കാര്യങ്ങൾ ശരിയായ രൂപത്തിൽ മനസ്സിലാക്കാനുള്ള കഴിവും ഇതിൽ നിന്ന് മനസ്സിലാക്കാം. ഒരേ നിലവാരത്തിലുള്ളവർക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുക എന്നത് പതിവ് കാര്യമാണ്. ❞

سير أعلام النبلاء للذهبي : ١٦\١٠

❒ ഇബ്നു തൈമിയ്യ -റഹിമഹുല്ലാഹ്- പറയുന്നു:

❝ പരസ്പരമുള്ള ഇണക്കവും, നല്ല ബന്ധവും ആദരവും നിലനിർത്തിക്കൊണ്ട് തന്നെ സലഫുകൾ അടിസ്ഥാനപരമല്ലാത്ത മസ്അലകളിൽ അഭിപ്രായ വ്യത്യാസത്തിലാകാറുണ്ട്. ❞

الفتاوى الكبرى لابن تيمية : ٩٢\٦

# 46

# സലഫുകൾക്ക് അല്ലാഹു റഹ്മത്ത് ചെയ്യട്ടെ..

❒ അംറുബ്നു ഖൈസ് -റഹിമഹുല്ലാഹ്- പറയുന്നു:

❝ ഒരാൾ തന്റെ കുട്ടിക്ക് എന്തെങ്കിലും സമ്മാനം നൽകി അതവൻ പുറത്ത് കാണിക്കുകയും, നിർധനരും,അനാഥരുമായ കുട്ടികൾ അത് കണ്ട് അവരുടെ വീട്ടുകാരുടെ അടുക്കൽ അതു പോലുള്ളത് കിട്ടാനായി കരയുകയും ചെയ്യുന്ന അവസ്ഥയുണ്ടാക്കുന്നത് സലഫുകൾ വെറുത്തിരുന്നു. ❞

مصنف ابن أبي شيبة : ٣٥٦٦٩

❒ അടിക്കുറിപ്പ്:

സലഫുകൾക്ക് അല്ലാഹു റഹ്മത്ത് ചെയ്യട്ടെ..

മറ്റുള്ളവരുടെ മനസ്സ് വിഷമിപ്പിക്കുന്നതിനെ അവർ എത്രമാത്രം സൂക്ഷിച്ചിരുന്നു.

# 47
## ഈമാനിന്റെ ശക്തി

❒ മുത്വർരിഫ് ബ്നു അജ്‌ലാൻ -റഹിമഹുല്ലാഹ്- പറഞ്ഞു:

إِنَّ اللهَ عَزَّ وَجَلَّ جَعَلَ قُوَّةَ الْمُؤْمِنِ فِي قَلْبِهِ ،وَلَمْ يَجْعَلْهَا فِي أَعْضَائِهِ ،أَلَا تَرَوْنَ الشَّيْخَ يَكُونُ ضَعِيفًا يَصُومُ الْهَوَاجِرَ ،وَيَقُومُ اللَّيْلَ ،وَالشَّبَابُ يَعْجِزُ عَنْ ذَلِكَ

❝ അല്ലാഹു മുഅ്മിനിന്റെ ശക്തി അവന്റെ ഹൃദയത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. അവന്റെ അവയവങ്ങളിലല്ല. ദുർബലരായ വൃദ്ധൻമാർ ചൂടുള്ള നട്ടുച്ച സമയത്ത് നോമ്പു നോൽക്കുന്നതും, രാത്രി എഴുന്നേറ്റ് നിസ്കരിക്കുന്നതും (എന്നാൽ) യുവാക്കൾക്ക് അത് സാധിക്കാതിരിക്കുകയും ചെയ്യുന്നത് നിങ്ങൾ കാണുന്നില്ലേ. ❞

شعب الإيمان للبيهقي: ٢٩٠٥

❒ ശൈഖ് അബ്ദുറസാഖ് അൽ ബദ്ർ -ഹഫിളഹുല്ലാഹ്- പറയുന്നു:

❝ പ്രായമായ ആളുകളിൽ ചിലര് തങ്ങളുടെ ദുർബലമായ ശരീരവുമായി, വടിയിൽ ഊന്നി, ഇരു കാലുകളും വലിച്ചിഴച്ച് പ്രയാസപ്പെട്ട് അഞ്ച് നേരത്തെ നിസ്കാരത്തിന് പള്ളിയിൽ എത്തുന്നതു കാണുമ്പോൾ അൽഭുതം തോന്നും. ഇത് അല്ലാഹു അവരുടെ ഹൃദയങ്ങളിൽ നൽകിയ ഈമാനികമായ ശക്തി കാരണമാണ് എന്ന് മനസ്സിലാക്കിയാൽ ഈ അൽഭുതം ഇല്ലാതാകും.

ദുർബലമായ ഹൃദയമുള്ളവരുടെ അവസ്ഥ നേർ വിപരീതമാണ്. അവരിൽ ചിലർ ശാരീരികമായി ഏറ്റവും ശക്തിയുള്ളവനായാലും ശരി, നിസ്ക്കാരത്തിന് എഴുന്നേൽക്കാൻ പോലും സാധിക്കില്ല!! ❞ المستعان الله

الموقع الرسمي لفضيلة الشيخ عبد الرزاق البدر حفظه الله

# 48
## താക്കീതുകാരൻ

❒ ഇബ്നു റജബ് -റഹിമഹുല്ലാഹ്- പറഞ്ഞു:

❝ നര വന്ന് തുടങ്ങിയവർ, ഗർഭകാലം പൂർത്തിയായി പ്രസവം പ്രതീക്ഷിച്ചിരിക്കുന്ന ഗർഭിണികളെപ്പോലെയാണ്. മരണമാണ് ഇനി അവർക്ക് കാത്തിരിക്കാനുള്ളത്. എന്നിട്ടും തിന്മകളിൽ തുടരുക എന്നത് എത്ര മോശപ്പെട്ട കാര്യമാണ്. ❞

لطائف المعارف : ١/٣٤٦

❒ അല്ലാഹു നരകക്കാരോട് പറയും :

أَوَلَمْ نُعَمِّرْكُمْ مَا يَتَذَكَّرُ فِيهِ مَنْ تَذَكَّرَ وَجَاءَكُمُ النَّذِيرُ

(ആലോചിക്കുന്നവന് ആലോചിക്കാൻ മാത്രം നിങ്ങൾക്ക് നാം ആയുസ്സ് തന്നില്ലേ താക്കീതുകാരൻ നിങ്ങളുടെ അടുക്കൽ വരികയും ചെയ്തു.)

ഇവിടെ താക്കീതുകാരനെ കൊണ്ട് ഉദ്ദേശിക്കുന്നത് നരയാണെന്ന് സലഫുകളിൽ ചിലർ വിശദീകരിച്ചിട്ടുണ്ട്.

കവി പറയുന്നു :

أتاك نذير الشيب والسقم مخبرا
بأنك تتلوا القوم في اليوم أو غد

മരിച്ചവരോട് നീയും ഇന്നോ നാളെയോ ചെന്ന് ചേരുമെന്ന് വിവരമറിയിച്ചു കൊണ്ട് നരയും അസുഖങ്ങളും നിന്റെ അടുക്കൽ വന്നു.

# 49
## ഇൻശാ അല്ലാഹ്

❒ ഇമാം ഔസാഇൗ -റഹിമഹുല്ലാഹ്- പറഞ്ഞു:

وَلَوْ قَالَ أَفْعَلُ كَذَا إِنْ شَاءَ اللَّهُ تَعَالَى وَمِنْ نِيَّتِهِ أَنْ لَا يَفْعَلَ ،كَانَ كَذِبًا وَخُلْفًا

❝ ഒരു കാര്യത്തെക്കുറിച്ച് "ഇൻശാ അല്ലാഹ് ഞാൻ ചെയ്യാം" എന്ന് പറയുകയും, എന്നാൽ മനസ്സിൽ അത് ചെയ്യില്ലാ എന്ന് കരുതുകയും ചെയ്താൽ അത് വാക്ക് ലംഘനവും കളവുമാണ്. ❞

جامع العلوم والحكم

❒ അടിക്കുറിപ്പ്:

❝ ചെയ്യാൻ ഒരു ഉദ്ദേശവുമില്ലാത്ത കാര്യങ്ങൾക്ക് പോലും 'ഇൻശാ അല്ലാഹ് എന്ന് പറയുന്ന പ്രവണത സമൂഹത്തിൽ ഇന്ന് എത്ര മാത്രം വ്യാപകമാണ്. ❞

# 50
# പ്രാമാണികമായി ശക്തമായ ഭിന്നതയുള്ള അടിസ്ഥാനപരമല്ലാത്ത വിഷയങ്ങളിലെ സലഫി നിലപാട്

❒ ഇമാം അഹ്മദ് ബ്നു ഹമ്പൽ -റഹിമഹുല്ലാഹ്- പറഞ്ഞു:

**لا أعنف من قال شيئاً له وجه وإن خالفناه**

❝ തെളിവിന്റെ അടിസ്ഥാനത്തിൽ ശരിയാകാൻ സാധ്യതയുള്ള ഒരഭിപ്രായം പറഞ്ഞവരെ ഞാൻ ആക്ഷേപിക്കുകയില്ല, അവരുടെ അഭിപ്രായം നമ്മുടെ അഭിപ്രായത്തിന് എതിരായാലും ശരി. ❞

الفروع لابن مفلح : ١٥٠/١

❒ ശൈഖ് അബ്ദുസ്സലാം ബർജസ് -റഹിമഹുല്ലാഹ്- പറഞ്ഞു:

❝ നീതിമാന്മാരായ ഇസ്ലാമിക പണ്ഡിതർ സ്വീകരിച്ചു പോരുകയും, പ്രമാണങ്ങൾ ശരിവെക്കുകയും ചെയ്യുന്ന അഭിപ്രായ വ്യത്യാസങ്ങളിൽ പാലിക്കേണ്ട ഒരു പൊതു തത്വമാണ് ഇമാം അഹ്മദ് -റഹിമഹുല്ലാഹ്- പറഞ്ഞ ഈ വാചകം.

കൃത്യമായ ഒരു മാനദണ്ഡമാണിത്. ഇത് പാലിച്ചാൽ മുസ്ലിംകൾ ശത്രുതക്കും പരസ്പര വിദ്വേഷങ്ങൾക്കും കാരണമാകാറുള്ള പല തർക്കങ്ങളിൽ നിന്നും രക്ഷപ്പെടും. ❞

# 51
# ചികിത്സ

❒ ശുറൈഹ് അൽഖാദ്വി -റഹിമഹുല്ലാഹ്- പറഞ്ഞു:

اجتنب الدواء ما احتملت صحتك سقمك

❝ രോഗത്തെ നിന്റെ ആരോഗ്യത്തിന് താങ്ങാൻ കഴിയുന്നിടത്തോളം മരുന്ന് കഴിക്കുന്നത് നീ ഒഴിവാക്കുക. ❞

أخبار القضاة : ٢٩/٣

❒ ശൈഖ് ബദ്ർ അൽഉതൈബി -ഹഫിളഹുല്ലാഹ്- പറയുന്നു:

❝ എപ്പോഴും മരുന്നിനെ അവലംബിച്ച് കൊണ്ട് നിന്റെ രോഗ പ്രതിരോധ ശേഷിയെ നീ നശിപ്പിക്കരുത്. പല രോഗങ്ങളെയും പ്രതിരോധിക്കാനുള്ള കഴിവ് അല്ലാഹു മനുഷ്യ ശരീരത്തിൽ സംവിധാനിച്ചിട്ടുണ്ട്. അതുകൊണ്ട് അസുഖത്തെ പ്രതിരോധിക്കാൻ കഴിയാതെ വരികയാണെങ്കിൽ നീ ചികിത്സ തേടുക. ❞

# 52
# നിസ്കാരം

❒ ബക്ർ ബ്നു അബ്ദില്ലാഹ് അൽമുസനി -റഹിമഹുല്ലാഹ്- പറഞ്ഞു:

من مثلك يا ابن آدم خلي بينك وبين المحراب والماء كلما شئت دخلت على الله ليس بينك وبينه ترجمان

❝ മനുഷ്യാ, നിന്നെ പോലെ ഭാഗ്യവാൻ ആരുണ്ട്. ശുദ്ധി വരുത്താനുള്ള വെള്ളവും, നിസ്കരിക്കാൻ മിഹ്റാബും യാതൊരു തടസ്സവുമില്ലാതെ നിന്റെ മുമ്പിലുണ്ട്. നീ ഉദ്ദേശിക്കുമ്പോഴെല്ലാം ഒരു പരിഭാഷകനുമില്ലാതെ നിനക്ക് അല്ലാഹുവിന്റെ അടുക്കൽ പ്രവേശിക്കാം. ❞

الزهد للإمام أحمد : ١٧٥٢

❒ ശൈഖ് അബ്ദുർറസ്സാഖ് അൽബദ്ർ -ഹഫിളഹുല്ലാഹ്- പറയുന്നു:

❝ അല്ലാഹു തന്റെ മുഅ്മിനുകളായ അടിമകൾക്ക് നൽകിയ കാരുണ്യത്തിന്റെ സമ്മാനമാണ് നിസ്കാരം. അവന്റെ സൃഷ്ടികളിൽ ഏറ്റവും ഉത്തമരായ നബി ﷺ മുഖേന നൽകിയ സമ്മാനം. അല്ലാഹുവിന്റെ ആദരവും, അവന്റെ അങ്ങേയറ്റത്തെ കരുണയും, അവന്റെ സാമീപ്യവും കരസ്ഥമാക്കാനുള്ള മാർഗം. അത് മുഅ്മിനുകളുടെ കണ്ണുകൾക്ക് കുളിർമയും, ആത്മാവിന് ആസ്വാദനവും, മനസ്സുകൾക്ക് സന്തോഷവുമാണ്. ❞

# 53
## കണ്ണ് താഴ്ത്തുക

❒ അനസ് ബ്നു മാലിക് -റഹിമഹുല്ലാഹ്- പറഞ്ഞു:

إِذَا لَقِيتَ امرَأَةً فَغَمِّضْ عَينَيكَ حَتّى تَمضِي

❝ നീ ഒരു അന്യസ്ത്രീയെ കണ്ടുമുട്ടിയാൽ അവർ കടന്ന പോകുന്നത് വരെ നീ കണ്ണുകൾ അടയ്ക്കുക. ❞

الزهد للإمام أحمد : ٧٦٥

❒ ഇബ്നുൽ ഖയ്യിം -റഹിമഹുല്ലാഹ്- പറയുന്നു:

❝ അല്ലാഹു കണ്ണിനെ ഹൃദയത്തിന്റെ കണ്ണാടിയാക്കിയിരിക്കുന്നു. ഒരാൾ നിഷിദ്ധമായതിൽ നിന്ന് കണ്ണ് താഴ്ത്തിയാൽ ഹൃദയവും അതിന്റെ ആഗ്രഹങ്ങളും ഇച്ഛകളും അടക്കിവെക്കും. കണ്ണിനെ സ്വതന്ത്രമായി അഴിച്ചു വിട്ടാൽ ഹൃദയത്തിന്റെ ആഗ്രഹങ്ങളും അതു പോലെയായിരിക്കും. ❞

روضة المحبين : ٩٢

# 54
# പ്രാർത്ഥന ഇബാദത്താണ്

❒ ഇബ്നു അബ്ബാസ് -റളിയല്ലാഹു അൻഹു- പറഞ്ഞു:

أفضل العبادة هو الدعاء

❝ പ്രാർത്ഥനയാണ് ഏറ്റവും ശ്രേഷ്ഠമായ ഇബാദത്ത്. ❞

المستدرك على الصحيحين : ص-١٦٠ وإسناده حسن

❒ അടിക്കുറിപ്പ്:

അല്ലാഹുവിന് മാത്രം അർഹതപ്പെട്ട പ്രാർത്ഥന അല്ലാഹു അല്ലാത്തവരോടായാൽ അത് ശിർക്കെന്ന കൊടിയ പാതകമാണ്.

• പണ്ഡിതന്മാർ പറയുന്നു:

അല്ലാഹു അല്ലാത്തവരോടുള്ള പ്രാർത്ഥന ശിർക്കല്ലെങ്കിൽ പിന്നെ ഭൂലോകത്ത് ശിർക്കേയില്ല. ഖുർആനും സുന്നത്തും പരിശോധിച്ചാൽ അല്ലാഹു ﷻ അവനല്ലാത്തവർക്ക് മറ്റേത് ഇബാദത്ത് ചെയ്യുന്നതിനേക്കാളും എത്രയോ അധികം തവണ അവനല്ലാത്തവരോട് ദുആ ചെയ്യുന്നത് വിലക്കിയിട്ടുണ്ട് എന്ന് മനസ്സിലാക്കാം.

# 55

## സമുദായത്തിന്റെ നന്മ

❒ അബ്ദുല്ലാഹ് ബ്നു ഈസാ -റഹിമഹുല്ലാഹ്- പറയുന്നു:

لا تزالُ هذه الأمّة بخير ما تعلّمَ وِلدانُها القرآن

❝ സമുദായത്തിലെ ചെറിയ മക്കൾ ഖുർആൻ പഠിക്കുന്ന കാലത്തോളം ഈ സമുദായം നന്മയിലായിരിക്കും. ❞

موسوعة ابن أبي الدنيا : ٧٥/٨

❒ അടിക്കുറിപ്പ്:

❝ മക്കൾക്ക് ഭൗതികവിദ്യാഭ്യാസം നൽകാൻ കാണിക്കുന്നതിന്റെ പത്തിൽ ഒന്നുപോലും താൽപര്യം അവരെ ഖുർആനും ദീനും പഠിപ്പിക്കാൻ കാണിക്കാതെ സമുദായത്തിന്റെ അവസ്ഥയെക്കുറിച്ച് സങ്കടപ്പെടുന്നതിന് എന്ത് അർത്ഥമാണുള്ളത്!!. ❞

# 56
## ഉപദേശം ഫലപ്രദമാകാൻ

❒ അബൂ ഹഫ്സ് -റഹിമഹുല്ലാഹ്- അബൂ ഉസ്മാൻ അന്നൈസാബൂരി -റഹിമഹുല്ലാഹ്- യോട് ഇപ്രകാരം ഉപദേശിച്ചു:

**إذا جلست للناس معلماً فكن واعظا لقلبك ونفسك ولا يغرنك اجتماعهم عليك ، فإنهم يراقبون ظاهرك والله يراقب باطنك**

❝ നീ പഠിപ്പിക്കാനായി ആളുകളുടെ മുമ്പിൽ ഇരിക്കുമ്പോൾ നിന്റെ മനസ്സിനേയും ഹൃദയത്തേയും കൂടി ഉപദേശിക്കുന്നവനാകണം. നിന്റെ ഉപദേശം കേൾക്കാനാണ് അവരെല്ലാം ഒരുമിച്ച് കൂടിയത് എന്നത് നിന്നെ വഞ്ചിക്കാതിരിക്കട്ടെ. നിന്റെ പുറമെയുള്ള കാര്യങ്ങൾ മാത്രമാണ് അവർ നിരീക്ഷിക്കുന്നത്, അല്ലാഹുവാകട്ടെ നിന്റെ ഉള്ളിലെന്താണ് എന്നാണ് നിരീക്ഷിക്കുന്നത്. ❞

مدَارِجُ السَّالِكِين : ٦٦/٢

❒ അടിക്കുറിപ്പ്:

❝ ഹൃദയത്തിൽ നിന്നുള്ള സംസാരവും ഉപദേശവും ഹൃദയങ്ങളിൽ പ്രവേശിക്കും. അല്ലാഹുവിന് വേണ്ടി ചെയ്യുന്ന കാര്യങ്ങൾക്ക് ജനങ്ങൾക്കിടയിൽ സ്വീകാര്യതയും നിലനിൽപ്പുമുണ്ടാകും. പരലോകത്തെ പ്രതിഫലമാകട്ടെ ഏറ്റവും ഉത്തമവും, എന്നും നിലനിൽക്കുന്നതുമായിരിക്കും. ❞

# 57

## മരണം എത്ര നല്ല ഉപദേശകനാണ്.

മഅ്റൂഫ് അൽ കർഖി -റഹിമഹുല്ലാഹ്-യുടെ അടുക്കൽ വെച്ച് ഒരാൾ ഗീബത്ത് പറഞ്ഞപ്പോൾ അദ്ദേഹം അയാളോട് പറഞ്ഞു :

اذكر القطن إذا وضع على عينيك.

നിന്റെ രണ്ട് കണ്ണിലും പഞ്ഞി വെക്കുന്ന സാഹചര്യം നീ ഓർക്കുക

سير أعلام النبلاء : ٨/٨٧

അടിക്കുറിപ്പ് :

ഏതൊരു തിന്മയിൽ നിന്നും പിന്മാറാൻ,
ശ്വാസം നിലക്കുന്ന,
കണ്ണുകളടയുന്ന,
ശരീരം തണുക്കുന്ന,
ചെയ്തു കൂട്ടിയ നന്മ-തിന്മകൾ അനുഭവിക്കാനായി നമ്മെ യാത്രയാക്കുന്ന മരണത്തെക്കുറിച്ചുള്ള ചിന്ത ഉണ്ടായൽ മതി.
**മരണം എത്ര നല്ല ഉപദേശകനാണ്.**

# 58

## എന്നെ നീ നരകത്തിൽ പ്രവേശിപ്പിക്കരുതേ..

❒ ഇബ്നുൽ ജൗസി -റഹിമഹുല്ലാഹ്- ഇങ്ങനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു:

**إلهي لا تعذب لسانًا يخبر عنك ،ولا عينًا تنظر إلى علوم تدل عليك ،ولا يدًا تكتب حديث رسولك ،ﷺ فبعزتك لا تدخلني النار فقد علم أهلها أني كنت أذبُّ عن دينك**

❝ ഇലാഹീ, നിന്നെക്കുറിച്ച് സംസാരിക്കുന്ന നാവിനെയും, നിന്നെക്കുറിച്ചുള്ള അറിവിലേക്ക് നോക്കുന്ന കണ്ണിനേയും, നിന്റെ റസൂൽ ﷺ യുടെ ഹദീസുകൾ എഴുതുന്ന കയ്യിനേയും നീ ശിക്ഷിക്കരുതേ.

നിന്റെ പ്രതാപം മുഖേന നിന്നോട് ഞാൻ ചോദിക്കുന്നു; എന്നെ നീ നരകത്തിൽ പ്രവേശിപ്പിക്കരുതേ, കാരണം നരകത്തിലുള്ളവർക്കറിയാം ഞാൻ നിന്റെ ദീനിനെതിരെയുള്ള ശ്രമങ്ങളെ പ്രതിരോധിക്കാറുണ്ടായിരുന്നു എന്ന് ❞

ذيل طبقات الحنابلة : ٤٢٢/١

❒ അടിക്കുറിപ്പ്:

❝ നാവു കൊണ്ടോ, പേന കൊണ്ടോ ഈ മതത്തിന് സേവനം ചെയ്യുക എന്നത് അല്ലാഹുവിനോട് മുൻനിർത്തി തവസ്സുൽ ചെയ്യാൻ പറ്റുന്ന മഹത്തരമായ ഇബാദത്താണ്. ❞

അല്ലാഹുവേ, ഞങ്ങളുടെ വീഴ്ചകൾ നീ പൊറുത്തു തരികയും, കരുണ ചെയ്യുകയും, മാപ്പരുളുകയും ചെയ്യേണമേ...

# ഉള്ളടക്കം

ആമുഖം
1. മനപ്പാഠമാക്കേണ്ട പ്രാർത്ഥന
2. ബിദ്അത്തുകൾക്കെതിരെ ശക്തമായൊരു ആയുധം
3. സലഫുകളിൽ മാതൃകയുണ്ട്.
4. രോഗങ്ങൾ ഉണർത്തലുകളാണ്
5. ഖുർആൻ പാരായണക്കാർ
6. ഒരു പണിയുമില്ലാത്ത അവസ്ഥ
7. ഗുണപാഠം
8. പരീക്ഷണങ്ങളുടെ കാലത്തെ തിന്മ
9. നന്മകൾ ദാനം ചെയ്യുന്നവർ!!
10. വലിയ തെറ്റുകാരൻ
11. മരിക്കാത്ത തിന്മകൾ
12. ഗൗരവമുള്ള കാര്യം
13. ഇസ്ലാമിൽ വളരെ ഗൗരവമുള്ള കാര്യം സംഭവിച്ചിരിക്കുന്നു...!
14. 'ദേഷ്യം വരുമ്പോൾ....'
15. നീ പെരുമാറുന്നത് പോലെ നിന്നോടും പെരുമാറും
16. ഉമ്മയുടെ ആഗ്രഹം
17. ഗീബത്ത്
18. ജമാഅത്ത് നിസ്കാരം
19. മറ്റുള്ളവരെ നിസ്സാരന്മാരായി കാണൽ
20. എന്റെ ദിർഹം നഷ്ടപ്പെട്ടു!
21. 'ജസാക്കല്ലാഹു ഖൈറൻ'
22. തൗഹീദ് പഠനം
23. ഉപദേശം രഹസ്യമായിരിക്കട്ടെ..
24. ഉൽകൃഷ്ടമായ പ്രാർത്ഥന
25. ദരിദ്ര വീട്
26. കണ്ണ്; മഹത്തായ അനുഗ്രഹം

27. സുന്നത്ത് നൂഹ് -അലൈഹിസ്സലാം- ന്റെ കപ്പൽ പോലെയാണ്
28. യഥാർത്ഥ പ്രതാപം
29. പക്ഷേ പ്രശ്നം ദീനായിപ്പോയി!!
30. നല്ല മരണം
31. യഥാർത്ഥ വിഡ്ഢി
32. സമുദായത്തിന്റെ നന്മ
33. വലിയ അഭിമാനം
34. പൂർണമാകാത്ത നിസ്കാരം
35. സ്വന്തം പോരായ്മകൾ
36. നാളത്തെ മയ്യിത്ത് ഇന്നത്തെ മയ്യിത്തിനെ അനുഗമിക്കുന്നു.
37. സ്നേഹത്തിന്റെ അളവുകോൽ
38. നിസ്കരിക്കാത്തവന് ഇസ്ലാമില്ല.
39. പിശാചിന്റെ ദൂതന്മാർ
40. ദീനിലുണ്ടാകുന്ന സംശയങ്ങൾ റാഞ്ചിയെടുക്കുന്ന സ്വഭാവമുള്ളവയാണ്!
41. നീചരായ ആളുകളുടെ സ്വഭാവം
42. അല്ലാഹു അല്ലാത്തവരെ കൊണ്ട് സത്യം ചെയ്യുന്നതിന്റെ അപകടം
43. കാരുണ്യവാനെക്കുറിച്ച് കരുണ ഇല്ലാത്തവരോട് പരാതിപറയുന്നവർ
44. എന്റെ പോരായ്മകൾ എനിക്ക് അറിയിച്ചു തരുന്നവർക്ക് അല്ലാഹു റഹ്മത്ത് ചെയ്യട്ടെ.
45. മസ്അലയിൽ ഐക്യപ്പെട്ടില്ലെങ്കിലും
46. സലഫുകൾക്ക് അല്ലാഹു റഹ്മത്ത് ചെയ്യട്ടെ..
47. ഈമാനിന്റെ ശക്തി
48. താക്കീതുകാരൻ
49. ഇൻശാ അല്ലാഹ്
50. പ്രാമാണികമായി ശക്തമായ ഭിന്നതയുള്ള അടിസ്ഥാനപരമല്ലാത്ത വിഷയങ്ങളിലെ സലഫി നിലപാട്

51. ചികിത്സ
52. നിസ്കാരം
53. കണ്ണ് താഴ്ത്തുക
54. പ്രാർത്ഥന ഇബാദത്താണ്
55. സമുദായത്തിന്റെ നന്മ
56. ഉപദേശം ഫലപ്രദമാകാൻ
57. മരണം എത്ര നല്ല ഉപദേശകനാണ്.
58. എന്നെ നീ നരകത്തിൽ പ്രവേശിപ്പിക്കരുതേ..